# Holy Voice

## Parish Bulletin

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 17 നവംബർ 2014

എഡിററർ
ജോർജ് എറാട്ടുകാരൻ 9605666658

സെക്രട്ടറി
ജോസഫ് കാച്ചപ്പിള്ളി 9400878280

സബ് എഡിറ്റർ
ജെസ്റ്റിൻ മംഗലത്ത് 9747552251

അഡ്വർടൈസ്മെന്റ് മാനേജർ:
ജെയിംസ് നെല്ലിശ്ശേരി 9447466548

ട്രഷറർ
അനൂപ് ബേബി അറയ്ക്കൽ 9947272633

എഡിറ്റോറിയൽ ബോർഡ്
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കളളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

ട്രസ്റ്റിമാർ
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191

പേജുകളിലൂടെ...

ഇടവക ഡയറി 2
എഡിറ്റോറിയൽ 3
ക്രൈസ്തവ മതത്തിന്റെ ചിഹ്നം- കുരിശ് 4
ഇടയശബ്ദം 5
മനുഷ്യരെ നേടുന്ന മുക്കുവന്മാർ 7
രക്ഷാകരമായ സഹനം 11
ചാവറയച്ചനും എവുപ്രാസ്യമ്മയും
വിശുദ്ധ പദവിയിലേക്ക് 13
ജാലകത്തിലൂടെ 21
ബാലപംക്തി 23
സഭാവാർത്തകൾ 25
നൊമ്പരങ്ങളുടെ തടവറ 26
നിങ്ങൾക്കറിയാമോ? 28
ആരോഗ്യചിന്തകൾ 29
ക്വിസ് മത്സരം 31
കളറിംഗ് മത്സരം 33
പിന്നിട്ട ലോകം 35
ബൈബിൾ കലണ്ടർ 36



# ഹോളി വോയ്സ്



## വിശുദ്ധ പദവിയിലേയ്ക്ക്...



### ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പാരിഷ് ബുള്ളറ്റിൻ

നവംബർ 2014

| തിയ്യതി | ഇടവക ഡയറി - നവംബർ 2014 | സമയം |
|---|---|---|
| 01 | സകല വിശുദ്ധരുടെ തിരുനാൾ | |
| 02 | പള്ളിക്കൂദാശക്കാലം 1-ാം ഞായർ<br>കുടുംബകൂട്ടായ്മ കേന്ദ്രസമിതി എക്സിക്യൂട്ടിവ് | 8.00 a.m |
| 03 | സകല മരിച്ചവരുടെ ഓർമ്മ | 6.30 a.m |
| 07 | മാസാദ്യവെള്ളിയാഴ്ച ആചരണം | |
| 08 | നേത്ര ചികിത്സാ ക്യാമ്പ്<br>മാതൃ സംഘം മീറ്റിംങ് | 8.00 a.m<br>3.00 p.m. |
| 09 | പള്ളിക്കൂദാശക്കാലം 2-ാം ഞായർ<br>പ്രതിനിധിയോഗം | 8.00 a.m |
| 14 | വെള്ളിയാഴ്ച ആചരണം | |
| 16 | പള്ളിക്കൂദാശക്കാലം 3-ാം ഞായർ<br>മാർഗ് ജനറൽ ബോഡി യോഗം | 8.00 a.m |
| 21 | വെള്ളിയാഴ്ച ആചരണം<br>മാർതോമാശ്ലീഹായുടെ ഭാരതപ്രവേശന തിരുനാൾ | |
| 22 | പ്രായമുള്ള ദമ്പതികളെ ആദരിക്കൽ | 10.00 a.m. |
| 23 | പള്ളിക്കൂദാശക്കാലം 4-ാം ഞായർ<br>മിശിഹായുടെ രാജത്വ തിരുനാൾ<br>ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും<br>എവുപ്രാസ്യമ്മയുടെയും വിശുദ്ധപദ പ്രഖ്യാപനം | |
| 28 | വെള്ളിയാഴ്ച ആചരണം | |
| 29 | ഉണ്ണിമിശിഹാ കപ്പേളയിൽ നൊവേന | 5.30 P.m. |
| 30 | ആഗമനകാലം 1-ാം ഞായർ<br>പാതിരാ മുതൽ 25 നോമ്പ് | |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## വെള്ളിയാഴ്ച ആചരണം : തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

| | |
|---|---|
| 07-11-2014 | സിനി ജോസ് താണിയത്ത്, മാപ്രാണം |
| 14-11-2014 | മാളിയേക്കൽ പൗലോസ് തോമസ്, മാപ്രാണം |
| 21-11-2014 | ഏറാട്ടുകാരൻ ജോർജ്ജ് കുര്യൻ, മാപ്രാണം |
| 28-11-2014 | തീതായ് വറീത് ജോസ്, ചെമ്മണ്ട |

# എഡിറ്റോറിയൽ



മരിച്ചവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ തിരുസഭാമാതാവ് നിർദ്ദേശിച്ചിട്ടുള്ള നവംബർ മാസത്തിലെ രണ്ടു സുപ്രധാന ദിനങ്ങളിലേക്കു കൂടി നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ. അതിലൊന്ന് നവംബർ 21ന് ആഘോഷിക്കുന്ന വി. തോമാശ്ലീഹായുടെ ഭാരത പ്രവേശന തിരുനാളാണ്. 2000 വർഷങ്ങൾക്കു മുൻപുള്ള ഒരു കാലത്തെകുറിച്ച് ഒന്ന് ചിന്തിച്ചുനോക്കൂ. എത്രയോ കഷ്ടപ്പാടുകൾ സഹിച്ചിട്ടായിരിക്കും കടലുകൾ താണ്ടി തോമാശ്ലീഹാ ഭാരതത്തിൽ എത്തിയിട്ടുണ്ടാവുക! ഭാരതത്തിൽ ഉറച്ച ഒരു ക്രിസ്തീയ സമൂഹം രൂപപ്പെടുത്തിയതിനുശേഷമാണ് ആ മഹദ്ജീവിതത്തിന് രക്തസാക്ഷിത്വത്തിലൂടെ വിരാമമായത്. തോമാശ്ലീഹായുടെ മിഷൻ പ്രവർത്തനം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടർന്നുകൊണ്ടുപോകുന്ന, ശ്ലീഹായുടെ പിൻമുറക്കാരെക്കുറിച്ച് ചിന്തിക്കാനും, ഈ പ്രവർത്തനങ്ങൾക്കിടയിൽ ഭാരതമണ്ണിൽ പിടഞ്ഞുമരിച്ച സിസ്റ്റർ റാണി മരിയയെപോലുള്ളവരെ ഓർക്കാനും ഈ തിരുനാൾ ദിനം നമ്മെ സഹായിക്കട്ടെ. മിഷൻ പ്രവർത്തനങ്ങളെ ഉദാരമായി സഹായിക്കാനും നമുക്കാകട്ടെ.

രണ്ടാമത്തെ പ്രധാനദിനം നവംബർ 23ന് ആഘോഷിക്കുന്ന ക്രിസ്തുനാഥന്റെ രാജത്വ തിരുനാളാണ്. കിരീടവും ചെങ്കോലുമില്ലാതെ, എളിയവരിൽ എളിയവനായി കാലിത്തൊഴുത്തിൽ ജനിച്ച രാജാവ്! കേവലം ഒരു മരപ്പണിക്കാരന്റെ മകനായി ദാരിദ്ര്യത്തിൽ വളർന്നുവന്ന രാജാവ്! തന്റെ പരസ്യ ജീവിതകാലത്ത്, ദൈവരാജ്യത്തിന്റെ സന്ദേശം പ്രസരിപ്പിച്ച് സകലർക്കും സ്നേഹവും കാരുണ്യവും ചൊരിഞ്ഞ്, അന്ധർക്ക് കാഴ്ച്ചയും രോഗികൾക്ക് സൗഖ്യവുമേകി തെരുവീഥികളിലൂടെ നടന്നുപോയ രാജാവ്! അവസാനം മൂന്നാണികളാൽ രണ്ടു കള്ളന്മാരോടൊപ്പം മരക്കുരിശിൽ തൂക്കപ്പെട്ട രാജാവ്! ലോകം കരുതിക്കാണും, യേശുവിന്റെ കഥ ഇതോടെ അവസാനിച്ചുവെന്ന്. ചരിത്രം നമ്മോടു പറയുന്നതോ? ലോകം തന്നെ യേശുവിന് മുമ്പും പിമ്പും എന്ന് അറിയപ്പെടുംവിധം ആ രാജാധിരാജൻ ഇന്ന് ലോകത്തെ സ്വാധീനിക്കുന്നു. 120 കോടി ജനങ്ങൾ, പടയാളികളും ആണവായുധങ്ങളും സ്വന്തമായില്ലാത്ത ആ രാജാധിരാജന്റെ സ്നേഹസാമ്രാജ്യത്തിലെ അംഗങ്ങളാണ്. കുരിശിൽ നിന്ന് ഒഴുകിയ സ്നേഹചൈതന്യം ഏറ്റുവാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ക്രിസ്തു രാജാധിരാജനാണെന്ന് ഇന്ന് ലോകവും ഏറ്റുപറയുന്നു. ആ രാജാവിലുള്ള വിശ്വാസവും സമർപ്പണവുമായിരിക്കണം നാമോരോരുത്തരുടേയും ജീവിതം. ഈ രണ്ടു ദിനങ്ങളുടേയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

സ്നേഹത്തോടെ, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)



# ക്രൈസ്തവ മതത്തിന്റെ ചിഹ്നം - കുരിശ്

**റോസി ആന്റണി കുറ്റിക്കാടൻ**

ഓരോ മതത്തിനും സ്വന്തമായ ചിഹ്നങ്ങളുണ്ട്. ക്രൈസ്തവ മതത്തിന്റെ ചിഹ്നമായി നാം കുരിശിനെ കാണുന്നു. കുരിശിനും കുരിശടയാളത്തിനും ഭൗതീക നിയമങ്ങളെ വെല്ലുന്ന ശക്തിയുണ്ട്. കുരിശാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം. വിശുദ്ധ ക്ലാരയുടെ ജീവിതത്തിൽ ഉണ്ടായ ഒരു സംഭവം. ഒരു ദിവസം മഠത്തിലെ രോഗികൾ കിടക്കുന്ന മുറിയിലേക്ക് വിശുദ്ധ കടന്നുചെന്നു. കിടപ്പുരോഗികളായ അഞ്ചുപേരെ നോക്കി അന്തരീക്ഷത്തിൽ കുരിശടയാളം വരച്ച് അവരെ ആശീർവദിച്ചു. അപ്പോൾതന്നെ ആ അഞ്ചു പേരും സൗഖ്യം പ്രാപിച്ച് എഴുന്നേറ്റിരുന്നു.

കുരിശടയാളം വഴിയാണ് എന്തിനേയും വൈദികർ ആശീർവദിക്കുന്നത്. വിശുദ്ധീകരിക്കുന്ന ഒന്നായി കുരിശടയാളം മാറുന്നു. മാമ്മോദീസായിലാകട്ടെ ജ്ഞാനസ്നാനാർത്ഥിയെ കുരിശടയാളത്താൽ ക്രിസ്തുവിന്റേതാക്കുമ്പോൾ അത് ഒരു മുദ്രയായി മാറുന്നു. കുരിശടയാളം വരച്ചുകൊണ്ടാണ് വിശുദ്ധകുർബാന ആരംഭിക്കുന്നത്. അതുപോലെത്തന്നെ കുരിശടയാളത്താൽ ആശീർവാദം നൽകിയാണ് പുരോഹിതൻ കുർബാനയക്കുശേഷം വിശ്വാസികളെ പറഞ്ഞയക്കുന്നത്. കുരിശടയാളം വഴി ഒരാളെ സഭയുടെ അംഗമാക്കുന്നു. ലോകത്തിൽ നിന്ന് ഒരാളെ യാത്രയാക്കുമ്പോൾ ശവസംസ്കാര ശുശ്രൂഷയിലും കുരിശടയാളത്തിന്റെ സംരക്ഷണമുദ്ര നൽകുന്നു. കുരിശടയാളം വരയ്ക്കാതെ സഭയിൽ യാതൊരു കൂദാശകളും പരികർമ്മം ചെയ്യപ്പെടുന്നില്ല. നാം പലപ്പോഴും അതിന്റെ അർത്ഥം ഗ്രഹിക്കാറില്ല. കുരിശടയാളം പൈശാചിക ശക്തികൾക്കെതിരായ ആയുധമാണ്. നമ്മുടെ നെറ്റിയിൻ കുരിശടയാളം വരച്ചാൽ അശുദ്ധാരൂപികൾക്ക് നമ്മുടെ മുമ്പിൽ നിൽക്കാൻ ധൈര്യമുണ്ടാകുകയില്ല. കുരിശിൽ യേശു സാത്താനെ കീഴടക്കുകയും അവന്റെ പരാജയത്തെ കാണിച്ചുകൊടുക്കുകയും ചെയ്തു. അതിനാൽ കുരിശ് വിശ്വാസികളുടെ അടയാളവും പിശാചുക്കളുടെ ഭീതികാരണവുമാണ്.

കുരിശടയാളം വരയ്ക്കാതെ ഒരിക്കലും ഭവനം വിട്ടു ഇറങ്ങരുത്. അത് നമുക്ക് ഒരു വടിയും ആയുധവും ആർക്കും കീഴടക്കാനാകാത്ത കോട്ടയും ആയിരിക്കും. ഈ വിധം ശക്തമായ ആയുധം ധരിച്ചിരിക്കുന്നത് കാണുമ്പോൾ പിശാചുക്കൾ നമ്മളെ ആക്രമിക്കാൻ ധൈര്യപ്പെടുകയില്ല.

ലോകത്തിലെ ഏറ്റവും ശ്രേഷ്ഠവും വിശുദ്ധവുമായ അടയാളമാണിത്. വിശുദ്ധീകരിക്കാനും ശാക്തീകരിക്കാനും സംരക്ഷിക്കാനും മാത്ര

തുടർച്ച പേജ് 9ൽ




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

"മരണം വരുമൊരുനാൾ, ഓർക്കുക മർത്ത്യാ നീ
കൂടെ പോരും നിൻ, ജീവിത ചെയ്തികളും
സൽകൃത്യങ്ങൾ ചെയ്യുക നീ, അലസത കൂടാതെ,"

നവംബർ മാസം നമ്മുടെ ഓർമ്മകളിൽ ഉണർത്തുന്ന ചിന്തകളാണ് മേലുദ്ധരിച്ചത്. മൺമറഞ്ഞുപോയ നമ്മുടെ പിതാമഹന്മാരേയും പ്രിയപ്പെട്ടവരേയും പ്രത്യേകമായി ഓർത്തു പ്രാർത്ഥിക്കുവാനുള്ള അവസരം. ഒപ്പം നമ്മുടെ ജീവിതത്തേയും, ജീവിതാന്ത്യത്തേയും പറ്റി ചിന്തിച്ചുകൊണ്ട് നല്ല ജീവിതം കാഴ്ചവെക്കുവാൻ സഹായിക്കുന്ന സമയം കൂടിയാണിത്.

"ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങിനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല" (യോഹ 11:25-26) എന്ന് പഠിപ്പിച്ച യേശുവിന്റെ വചനങ്ങളാണ് നമ്മുടെ ജീവിതത്തിൽ നന്മ ചെയ്ത് പ്രതീക്ഷയോടെ ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്.

കാൽവരിയിലെ മരക്കുരിശിൽ മരിച്ച്, കല്ലറയിൽ സംസ്കരിക്കപ്പെട്ട്, മൂന്നാം ദിവസം ഉത്ഥിതനായ അവിടുന്ന് നിത്യം ജീവിക്കുന്ന ദൈവമാണെന്ന മഹാസത്യം നമ്മെ പഠിപ്പിച്ചു. അതുകൊണ്ടാണ് പ്രേഷിതവര്യനായ വി. പൗലോസ് ശ്ലീഹാ വളരെ വ്യക്തമായി പറഞ്ഞത്, "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ നമ്മളും ഉയിർത്തെഴുന്നേൽക്കും". ഉത്ഥാനത്തിന്റെ സന്തോഷം മുൻകൂട്ടികണ്ട് നിത്യം ജീവിക്കേണ്ടവരാണെന്ന ബോധ്യത്തിൽ വിശുദ്ധമായ ജീവിതം നയിക്കുവാൻ നമുക്കു തയ്യാറാകാം.

നമ്മുടെ പ്രിയപ്പെട്ടവരുടെ ഓർമ്മകളുടെ മുന്നിൽ നമുക്കു

പ്രാർത്ഥനാലീനരാകാം. ഇന്ന് നമുക്കു ഈ ഭൂമിയിൽ ജീവിക്കുവാൻ അവസരം ഒരുക്കിയവരാണ് നമ്മുടെ പ്രിയപ്പെട്ടവർ. പ്രായമുള്ളവരേയും മാതാപിതാക്കളേയും അവഗണിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പ്രിയപ്പെട്ടവരുടെ കുഴിമാടങ്ങളുടെ മുന്നിൽ നിന്ന് നമുക്ക് മാപ്പപേക്ഷിക്കാം. അവർ നമുക്കുവേണ്ടി ഏറ്റെടുത്ത വലിയ ത്യാഗത്തേയും സമർപ്പണത്തേയും നമുക്കു നന്ദിയോടും സ്നേഹത്തോടും കൂടി ഓർക്കാം. അങ്ങിനെ നമ്മൾ നമ്മുടെ പ്രിയപ്പെട്ട മാതാപിതാക്കന്മാരുടെ അനുഗ്രഹമാണെന്ന സത്യം തിരിച്ചറിയാം. അതുവഴി അവർക്കു വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമാക്കപ്പെടട്ടെ.

ക്രിസ്തുവിന്റെ രാജത്വ തിരുനാളും (നവംബർ 23) നമ്മൾ ആഘോഷിക്കുകയാണല്ലൊ. ക്രിസ്തുനാഥന്റെ രാജ്യം ദൈവരാജ്യമായിരുന്നു. ദൈവരാജ്യസ്ഥാപനമായിരുന്നു യേശുവിന്റെ ലക്ഷ്യം. നമ്മൾ ദൈവരാജ്യത്തിന്റെ മക്കളാകുവാൻ വിളിക്കപ്പെട്ടവരാണെന്ന ബോധ്യം സ്വീകരിച്ച് ക്രിസ്തുവിന്റെ രാജത്വ ശുശ്രൂഷയിൽ പങ്കുചേർന്ന്, അവിടുത്തെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് അവിടുത്തെ നമുക്ക് ആരാധിക്കാം. അവിടുന്ന് കാണിച്ചുതന്ന സ്നേഹത്തിന്റെയും സേവനത്തിന്റെയും ശുശ്രൂഷകൾ നമുക്കും ഏറ്റെടുത്ത് ദൈവരാജ്യസ്ഥാപനത്തിനായി പരിശ്രമിക്കാം.

ഭാരതസഭക്കും കേരളസഭക്കും അഭിമാനമായ ചാവറ കുരിയാക്കോസ് ഏലിയാസച്ചനും ഇരിങ്ങാലക്കുട രൂപതാംഗമായിരുന്ന എവുപ്രാസ്യമ്മയും നവംബർ 23ന് വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുകയാണ്. ഈ വലിയ സന്തോഷത്തിൽ പങ്കുചേരുന്നതോടൊപ്പം നമ്മളും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണെന്നും വിശുദ്ധരായിത്തീരുവാനുതകുന്ന ഒരു വിശുദ്ധ ജീവിതം നയിക്കേണ്ടതാണെന്നും ഓർമിക്കുകയും, അതിനായി ഈ വിശുദ്ധരുടെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ചെയ്യാം.

എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ
യേശുവിൽ സ്നേഹപൂർവ്വം
**ഫാ. ജോസ് മാളിയേക്കൽ**
വികാരി & റെക്ടർ



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത്
സി. എം. ഐ.
മഡഗാസ്കർ

യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം".
(മത്താ. 4:19)

## ചരന്ദവേന

അങ്കിലിസാത്തുവിൽ നിന്നും പുഴ കടന്ന് 16 കി.മി. നടന്നാൽ ചരന്ദവേന ഗ്രാമത്തിലെത്താം. "മുറണ്ടാവ" നദിയുടെ തീരത്തുള്ളൊരു കൊച്ചു ഗ്രാമം. രണ്ടുമുറിയുള്ള ഒരു സ്ക്കൂൾകെട്ടിടം അദ്ധ്യാപകരും വിദ്യാർത്ഥികളുമില്ലാതെ അനാഥമായി കിടക്കുന്നു. ഗവൺമെന്റ് അധ്യാപകരെ നിയോഗിക്കാത്തതുമൂലം, ഗുരുവില്ലാതെ ആയോധന വിദ്യ പഠിച്ച കർണ്ണനെപ്പോലെ, കുട്ടികൾ സ്ക്കൂൾ കെട്ടിടത്തെ കണികണ്ട് കാളയെ മേയ്ക്കാൻ പഠിക്കുന്നു. ഒരു പള്ളിക്കൂടത്തിനുള്ള സാധ്യതകൾ ആരാഞ്ഞ് ഒരിക്കൽ ആ ഗ്രാമത്തിൽ പോയപ്പോൾ ഗ്രാമം ചുറ്റിനടന്ന് വീഡിയോയിൽ പകർത്തുകയുണ്ടായി. വീണ്ടും അവിടെ പോകാനവസരം വന്നപ്പോൾ മുൻപ് ക്യാമറയിൽ പകർത്തിയത് അവരെ കാണിച്ചു. എല്ലാവർക്കും വലിയ സന്തോഷവും ചിരിയും. പെട്ടെന്നാണ് ഒരു പൊട്ടിക്കരച്ചിൽ കേട്ടത്. പിന്നാലെ തന്നെ ഒരു സ്ത്രീ എഴുന്നേറ്റ് ഓടുന്നതും കണ്ടു. കാരണം തിരക്കിയപ്പോഴാണ് അറിഞ്ഞത്, മുൻപ് വീഡിയോ എടുത്തപ്പോൾ ഒരു യുവാവ് "കബോഷ്" (ചെറിയതരം ഗിറ്റാർ) മീട്ടുന്നത് എടുത്തിരുന്നു. അതുകണ്ട അവന്റെ അമ്മയാണ് നിലവിട്ടു കരഞ്ഞതും എഴുന്നേറ്റു ഓടിയതും. ഇടക്കാലത്ത് അവൻ മരിച്ചുപോയ വിവരം ഞങ്ങൾ അറിഞ്ഞിരുന്നില്ല. മരിച്ച് അടക്കപ്പെട്ട മകനെ വീണ്ടും ചലിക്കുന്ന രൂപത്തിൽ കണ്ടപ്പോൾ ആ അമ്മക്ക് സഹിച്ചില്ല. ഞങ്ങൾക്കും അതൊരു ഷോക്കായിരുന്നു.

## ശൂന്യമായ കല്ലറ

"മറിയം കർത്താവിനെ കാണാതെ കല്ലറയ്ക്കു വെളിയിൽ കരഞ്ഞു കൊണ്ടുനിന്നു എന്നു യോഹന്നാന്റെ സുവിശേഷത്തിലുണ്ട് (യോഹന്നാൻ 20:11). മഡഗാസ്ക്കറിലെ ജനങ്ങൾക്ക് വളരെ ദുഃഖം നൽകുന്ന ഒരു സംഭവമാണ് ഇവിടങ്ങളിലെ ശവമോഷണം. പൂജ്യമായി ഒരിക്കൽ സംസ്ക്കരിച്ച കാരണവന്മാരുടെ ശവശരീരങ്ങളെ വർഷങ്ങൾക്കു ശേഷം വീണ്ടും പുതിയ ശവകല്ലറയിലേക്ക് മാറ്റാൻ ചെല്ലുമ്പോൾ, കർത്താവിന്റെ കബറിടത്തിലേക്കുപോയ മഗ്ദലേനമറിയത്തിന്റെ അവസ്ഥയിലാകും കല്ലറ തുറക്കുന്ന ബന്ധുക്കൾ. ശൂന്യമായ കല്ലറ! മഡഗാസികൾക്ക് സന്തോഷമല്ല ഈ ശൂന്യത പ്രദാനം ചെയ്യുക; ഉത്ഥാനത്തിന്റെ പ്രതീകവുമല്ലിത്; മരിച്ച് ദുഃഖവും

ഭീതിയും മാത്രം. കാരണവന്മാർ നഷ്ടപ്പെട്ടതിലെ ദുഖവും, നാളെ തങ്ങളുടെയും അവസ്ഥ ഇതായിരിക്കുമല്ലോ എന്ന ഭീതിയും. ഈ ശവശരീരങ്ങൾ ആർ, ആർക്കുവേണ്ടി കൊണ്ടുപോകുന്നു, എവിടേക്ക് എന്തിനുവേണ്ടി കൊണ്ടു പോകുന്നു എന്നുള്ളത് ഒരു മിസ്റ്ററിയാണ്. പോലീസിന് ഇതുവരെ ഒന്നും കണ്ടുപിടിക്കാനോ, വെളിപ്പെടുത്താനോ ഇല്ല എന്നുള്ളതും മറ്റൊരു മിസ്റ്ററിയാണ്.

മഡഗാസ്ക്കറിൽ മോഷണം എന്നത് പലർക്കും ഒരു തിന്മയല്ല, കലയാണ്. ഒരു ഗൗരവമുള്ള അപരാധമായി പലരും അതിനെ കാണാറില്ല. പള്ളിവക സ്വത്തുക്കളായാലും ആ ചിന്താഗതിയിൽപ്പെട്ടു നഷ്ടപ്പെടാറുണ്ട്. ഏതെങ്കിലും ഒരു വികാരിയച്ചൻ തന്റെ ജോലിസ്ഥലത്തും നിന്നും മാറിനിന്നാൽ അവിടെ പിന്നെ പലതും നടക്കാം! ഒരു ആക്സിഡന്റിൽപ്പെട്ട് ഒരച്ചൻ ആശുപത്രിയിലായി. അച്ചൻ മരിച്ചു എന്നൊരു ശ്രുതി പരന്ന മാത്രയിൽ അച്ചന്റെ വീട്ടിലെ പലതും കാണാതായി. പോയത് അകലങ്ങളിലേക്ക് അല്ല എന്നത് അച്ചൻ ജീവനോടെ, ആരോഗ്യത്തോടെ തിരിച്ചുവന്നപ്പോൾ വെളിവാക്കപ്പെടുകയും ചെയ്തു.

''അങ്കിലിവാലു'' പള്ളിയിലെ വികാരിയച്ചനെ പള്ളികാര്യങ്ങളിൽ സഹായിച്ചിരുന്നത് '' മഹാബു''പള്ളിയിലെ കാറ്റക്കിസ്റ്റ് ആയിരുന്നു. തീഷ്ണതയോടെ സുവിശേഷം പ്രസംഗിക്കുകയും ജനങ്ങളെ ആവേശം കൊള്ളിക്കുകയും ചെയ്തിരുന്നു അദ്ദേഹം. കുർബാനയ്ക്ക് അച്ചൻ പാടേണ്ട പല പാട്ടുകളും ഞങ്ങൾ പഠിച്ചത് അദ്ദേഹത്തിൽ നിന്നാണ്. അങ്കിലിവാലു പള്ളിയിലെ വികാരിയച്ചന് പെട്ടെന്ന് സ്ഥലം മാറി പോകാനിടവന്നു. പതിവുപോലെ പലതും കാണാതായി. കൂട്ടത്തിൽ എടുത്താൽ പൊന്താത്ത ഒന്നു കൂടി കാണാതായി. ഒരു ഫ്രിഡ്ജ്. ഇലക്ട്രിസിറ്റിയില്ലാത്ത ഞങ്ങളുടെ നാട്ടിൽ മണ്ണെണ്ണയുപയോഗിച്ചു തിരിതെളിച്ചു ജീവിപ്പിക്കുന്ന റഫ്രിജറേറ്റർ എവിടെപ്പോയെന്ന് ആർക്കും, കൂടെയുണ്ടായിരുന്ന കാറ്റക്കിസ്റ്റിനുപോലും അറിവില്ല. മാസങ്ങൾക്കുശേഷം അങ്കിലിസാത്തുവിലെ ഒരു ഹോട്ടലിൽ ആ കളവുസാധനം പ്രത്യക്ഷപ്പെട്ടു. ആ ഫ്രിഡ്ജിനെക്കുറിച്ചറിയാവുന്ന ബഹു. ചീരനച്ചൻ സ്ഥലം പോലീസിനെ വിവരമറിയിച്ചു. പുതിയ ഉടമസ്ഥൻ തന്റെ കുറ്റം ഏറ്റുപറഞ്ഞു. കൂട്ടത്തിലയാൾ അറിയിച്ചു, വിശ്വസ്ഥനായ കാറ്റിക്കിസ്റ്റാണ് അത് അയാൾക്ക് എത്തിച്ചുകൊടുത്തതെന്ന്. ഫലം കാറ്റക്കിസ്റ്റ് ജയിലിനകത്തായി. പിന്നീട് അച്ചന്മാർ തന്നെ അദ്ദേഹത്തെ പുറത്തിറക്കി. തുടർന്ന് മരണംവരെയും അദ്ദേഹം വിശ്വസ്ഥനായ കാറ്റക്കിസ്റ്റായിരുന്നു.

പലപ്പോഴും ഭീകരൻ, കൊള്ളക്കാരൻ, തസ്ക്കരവീരൻ എന്നെല്ലാം കേട്ട് ഒരു ഭീകരജന്തുവിനെ കാണാൻ ചെന്നാൽ കണ്ടുമുട്ടുന്നത് സൗമ്യനും ശാന്തനും വിനീതനുമായ ഒരു സാധാരണ മനുഷ്യനെയാകും. ഇത്തരക്കാരെ പിടികൂടുവാൻ പോകുന്ന പോലീസുകാരും പലപ്പോഴും ഒപ്പത്തിനൊപ്പം എന്ന മട്ടിൽ നില്ക്കുന്നവരാണ്; കളവിന്റെ കാര്യത്തിലും ശാന്തതയുടെ കാര്യത്തിലും.

''മുറങ്ങാവ''തുറമുഖ നഗരത്തിൽ കളക്ടറായിരുന്നു പകുതി ഇന്ത്യക്കാരനായ മി. അഗസ്റ്റിൻ. മിലിട്ടറി ഓഫീസറായിരുന്ന അദ്ദേഹം പരീക്ഷയെഴുതി കളക്ടറായി. താടിവച്ചിരുന്ന അദ്ദേഹത്തിന് ഞങ്ങളെ വലിയ ഇഷ്ടമായിരുന്നു. തന്റെ മക്കളാണ് ഞങ്ങൾ എന്ന് മറ്റുള്ളവരോട് അദ്ദേഹം പറയുകപോലും ചെയ്തിട്ടുണ്ട്. ഒരിക്കൽ തനിക്കു പറ്റിയൊരു അമളി അദ്ദേഹം പറയുകയുണ്ടായി. ഒരു ദിവസം തന്റെ ഓഫീസിൽ ഒരു രഹസ്യസന്ദേശം എത്തി. മൊസാംബിക്കിനും മഡഗാസ്ക്കറിനും ഇടയിലുള്ള കടലിൽ മീൻ പിടിക്കാൻ വന്ന സൗത്ത് ആഫ്രിക്കൻ ഫിഷിംഗ് ബോട്ട് മഡഗാസ്ക്കറിന്റെ അതിർത്തിയിൽ കടന്ന് മൽസ്യം വാരുന്നു. തീരദേശ നഗരമായ ''മുറങ്ങാവ''യുടെ കളക്ടറായിരുന്ന അഗസ്റ്റിൻ കള്ളനെ പിടിക്കാൻ ഉത്തരവിട്ടു. മലബാറികൾക്ക് ഇംഗ്ലീഷ് അറിയാത്തതിനാലും, ബോട്ട് സൗത്ത് ആഫ്രിക്കക്കാരുടെയായതിനാലും ബോട്ടുകാരുമായി സംസാരിക്കാൻ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ഒരധ്യാപകനെക്കൂടി സംരക്ഷണസേന കൂട്ടത്തിൽ കൊണ്ടുപോയി. മൽസ്യബോട്ടിനെ അറസ്റ്റുചെയ്തു തീരത്തോട്ടു ബോട്ടടുപ്പിക്കുവാൻ അധ്യാപകൻ മുഖേന സേന ഉത്തരവിട്ടു. കൂടുതൽ ഉറപ്പിനായി മൽസ്യബന്ധന ബോട്ടിനെ മുന്നിൽ വിട്ട് സംരക്ഷണ സേന തൊട്ടുപുറകിൽ സഞ്ചരിച്ചു. അൽപം കഴിഞ്ഞപ്പോൾ മുന്നിൽ പോയ ബോട്ടിന്റെ വേഗത വർദ്ധിച്ചു. അതിന് വേഗത കൂടികൂടി അകലങ്ങളിൽ ഒരു ബിന്ദുപോലെ കാണാതായി. ഒപ്പമെത്താൻ സംരക്ഷണസേനയുടെ ബോട്ട് ആവുന്നത്ര പരിശ്രമിച്ചെങ്കിലും ലക്ഷ്യം കണ്ടില്ല. ഭാഗ്യം! തങ്ങളിലാരേയും കാണാതാവാൻ ഇടയായില്ലല്ലൊ. അറസ്റ്റുചെയ്ത ബോട്ടിൽ തങ്ങളിൽ ആരും കയറിയിരുന്നില്ലല്ലോ എന്ന സന്തോഷത്തിലും ചമ്മലിലും സംരക്ഷണസേന സ്വന്തം തട്ടകത്തിൽ തിരിച്ചെത്തി. ഇതും പറഞ്ഞും ആ വന്ദ്യകളക്ടർ തന്റെ താടി തടവി പൊട്ടിച്ചിരിക്കുകയായിരുന്നു. (തുടരും)

**ക്രൈസ്തവ മതത്തിന്റെ ചിഹ്നം - കുരിശ്** (തുടർച്ച)

മല്ല, ശത്രുവിന്റെ സകല ആയുധങ്ങളേയും നിർവീര്യമാക്കാനുള്ള ശക്തിയും അതിനുണ്ട്.

## കുരിശുവര

നെറ്റിയിലേക്ക് കരമുയർത്തുമ്പോൾ നമ്മെ സൃഷ്ടിച്ച പിതാവിനെ അനുസ്മരിക്കുക. നെഞ്ചിലേയ്ക്ക് കരങ്ങൾ താഴ്ത്തുമ്പോൾ നമുക്ക് വേണ്ടി സ്വർഗം വിട്ടിറങ്ങിയ പുത്രനായ ദൈവത്തെ നാം ധ്യാനിക്കണം. നെഞ്ചിൽ നിന്ന് ഇടത്തോളിലേക്ക് കരങ്ങൾ ചലിപ്പിക്കുമ്പോൾ പിതാവിന്റേയും പുത്രന്റേയും സ്നേഹവും ജീവനുമായ പരിശുദ്ധാത്മാവിനെ ധ്യാനിക്കണം. ഇടതുതോളിൽ നിന്നും വലതുതോളിലേക്ക് കൈകൾ നീക്കുമ്പോൾ യേശുവിന്റെ പീഡാസഹനവും കുരിശുമരണവും നമുക്കോർക്കാം. കുരിശുവര പൂർത്തീകരിക്കുമ്പോൾ നമ്മെ സ്നേഹിക്കുന്ന ത്രിയേക ദൈവത്തിന് നമ്മെ ത്തന്നെ സമർപ്പിക്കുക. എത്രയോ മനോഹരവും ശക്തവുമായ പ്രാർത്ഥനയായിരിക്കും അത്.

# രക്ഷകരമായ സഹനം



ഫാ. സെബാസ്റ്റ്യൻ ചെന്നാപ്പിള്ളി
വികാരി, ഫാത്തിമ മാതാ ചർച്ച്, ചെറുകുടപ്പുറം

സങ്കീർത്തന പുസ്കത്തിലൂടെ നാം കടന്നുപോകുമ്പോൾ ഇപ്രകാരം വായിക്കുന്നുണ്ട് "കർത്താവ് മർദ്ദിതരുടെ ശക്തി ദുർഗമാണ്. കഷ്ടകാലത്ത് അവരുടെ അഭയസ്ഥാനവും. അങ്ങയുടെ നാമം അറിയുന്നവർ അങ്ങിൽ വിശ്വാസമർപ്പിക്കുന്നു. കർത്താവേ അവിടുത്തെ അന്വേഷിക്കുന്നവരെ അവിടുന്ന് ഉപേക്ഷിക്കുന്നില്ല."(സങ്കീ.9:9-10). എന്തുകൊണ്ടെന്നാൽ ക്രിസ്തു യഥാർത്ഥ മഹത്വം സ്വീകരിക്കുന്നത് തന്റെ തന്നെ സഹനത്തിലൂടെയും മരണത്തിലൂടെയുമാണ്. പക്ഷേ ഈ ലോകത്തിന് ഇത് എത്രത്തോളം മനസ്സിലാക്കാൻ സാധിക്കുന്നു എന്നതിൽ സംശയമുണ്ട്. കാരണം, ഇന്നിന്റെ ലോകം സഹനത്തെ സ്വീകരിക്കുന്നതിനു പകരം അതിൽനിന്നും ഒളിച്ച് ഓടുവാൻ പരിശ്രമിക്കുന്നു.

ക്രിസ്തിയ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും അടിസ്ഥാനം സഹനമാണെന്നും, ആ സഹനത്തിന്റെ പിന്നാമ്പുറങ്ങളിൽ ക്രിസ്തുവിന്റെ രക്ഷാകരമായ ഒരു ഇടപ്പെടൽ ഉണ്ടെന്നും തിരിച്ചറിയുവാൻ സാധിക്കാത്ത ഇടത്ത് ക്രിസ്തുവിനെ മിശിഹായായി തിരിച്ചറിയാൻ സാധിക്കാതെ വരുന്നു. സുവിശേഷങ്ങളിലൂടെ കടന്നുപോകുമ്പോൾ നാം മനസ്സിലാക്കുന്നുണ്ട്, സഹനത്തിന്റെ രക്ഷാകര രഹസ്യം ശിഷ്യന്മാർ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോഴാണ് അവർക്ക് ക്രിസ്തുവിലുള്ള മിശിഹായെ തിരിച്ചറിയാൻ കഴിഞ്ഞത് എന്ന്. കാരണം സഹനത്തിന്റെ ആദ്യപടിയെന്നു പറയുന്നത് ക്രിസ്തുവിന്റെ "സ്വയം പരിത്യജിക്കൽ" ആയിരുന്നു. അതായത് സ്വന്തം ആഗ്രഹങ്ങളോടും താൽപര്യങ്ങളോടും ഒരു പരിത്യജിക്കൽ നടത്തുക എന്നതാണ്. അതുകൊണ്ടാണ് സുവിശേഷത്തിൽ നാം കാണുന്നത്. മിശിഹാ/ ക്രിസ്തു എന്നതിനു പകരം മനുഷ്യപുത്രൻ എന്നാണ് ഈശോ ഉപയോഗിക്കുന്നത്. ക്രിസ്തു സഹനത്തിന്റെ രഹസ്യം ഇതിലൂടെ വ്യക്തമാകുന്നുണ്ട്.

മറ്റൊന്നുകൂടി ഓർമ്മപ്പെടുത്തുന്നു, ക്രിസ്തുവിലേയ്ക്കുള്ള വഴി സഹനത്തിന്റെ വഴിയാണ്. മറ്റുള്ളവർക്ക് ക്രിസ്തു ആരെന്നല്ല, നിനക്ക് ക്രിസ്തു ആരാണ് എന്നതിൽനിന്നാണ് ക്രിസ്തുവിന്റെ സഹനജീവിതത്തെ തിരിച്ചറിയാൻ കഴിയുന്നത്. ഈ തിരിച്ചറിവ് ഇല്ലാതെ വരുമ്പോൾ സഹനത്തെ തള്ളി പറയുവാനുള്ള പ്രലോഭനം പിശാചിൽ നിന്നും നമ്മുടെ ഉള്ളിലേയ്ക്ക് കടന്നുവരുന്നു. ഇവിടെ വി. അൽഫോൻസാമ്മയുടെ സഹനത്തെ കുറിച്ചുള്ള ഉൾഅറിവും, ഉൽബോധനവും നാം ശ്രദ്ധിക്കേണ്ടതാണ്. അൽഫോൻസാമ്മ പറയുന്നു. "സഹനം എനിക്ക് വിധിയല്ല നിധിയാണ്. സഹനമേ വരണമേ, മരണമേ, വരണമേ". ഈ ചിന്ത നമ്മെ ക്രിസ്തു സഹനത്തിന്റെ രക്ഷാകരമായ അനുഗ്രഹങ്ങളെ ഓർമ്മപ്പെടുത്തുന്നു. ഇവിടെ തെറ്റിദ്ധാരണ ഉണ്ടാക

രുത്. മനുഷ്യൻ അനുഭവിക്കുന്ന സന്തോഷം തിന്മയാണ് എന്നോ, ദൈവ അനുഭവത്തിനു വേണ്ടി സഹനവും വേദനയും സൃഷ്ടിച്ചെടുക്കണമെന്നോ ഇത് അർത്ഥമാക്കുന്നില്ല. കാരണം, സങ്കീർത്തനം 51/17-18 ലൂടെ ഇങ്ങനെ പറയുന്നു "ഉരുകിയ മനസ്സാണ് ദൈവത്തിന് സ്വീകാര്യമായ ബലി; ദൈവമേ നുറുങ്ങിയ ഹൃദയത്തെ അങ്ങ് നിരസിക്കുകയില്ല".

**സഹനത്തിന്റെ കാരണങ്ങൾ**

(1) **ഒരുവന്റെ തിന്മ മറ്റൊരുവന്റെ സഹനമായി മാറുന്നു.** ഉൽപത്തി 3/14-19, റോമ : 8/20-22 (2) **ഒരുവന്റെ അജ്ഞത മറ്റൊരുവന്റെ സഹനത്തിനു കാരണമാകുന്നു.** ഗലായത്തിയ 6/7-9 (3) **ദൈവം ഒരുവനെ രൂപീകരിക്കുന്നതിന്റെ ഭാഗമായി സഹനങ്ങൾ തരുന്നു.** ഹെബ്രാ. 12/6 (4) **വിശ്വാസ സംരക്ഷണത്തിനുവേണ്ടി സഹനം തരുന്നു.** 2-തിമോത്തി. 3/12. (5) **നമ്മിലെ അഹന്തയെ നീക്കാൻ സഹനം തരുന്നു.** 2-കോറി. 12/7. (6) **ക്രിസ്തുവിന്റെ ജീവിതവും സ്വഭാവവും വെളിപ്പെടുത്താൻ സഹനം തരുന്നു.** ഫിലിപ്പി. 1/19 (7) **ദൗത്യനിർവഹണത്തിനായി സഹനം തരുന്നു.** ഫിലിപ്പി. 1/12-14 (8) **ദുഷ്ട മനുഷ്യരുടെ ദുഷ്ടത വെളിപ്പെടുത്താൻ സഹനം തരുന്നു.** 1. തെസലോനി 2/14-16 (9) **നമ്മുടെ നന്മയക്ക് വേണ്ടി സഹനം തരുന്നു.** റോമ. 8/28-29

## നവംബർ മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | ചുണ്ടേപറമ്പിൽ സ്റ്റാൻലി കുര്യാക്കോസ് | 02-11-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | നായങ്കര ചിന്നൻ പൊറിഞ്ചു ജെൻസൻ | 02-11-14 | 3.15 p.m. |
| സെന്റ് ജോസഫ് | കോമ്പാറക്കാരൻ കൊച്ചുവറീത് പോൾ | 02-11-14 | 4.00 p.m. |
| ഹോളിക്രോസ് | നായങ്കര ചിന്നൻ പൗലോസ് ഭാര്യ റോസിലി | 02-11-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | പൊഴോലിപറമ്പിൽ അന്തോണി തോമസ് | 02-11-14 | 5.30 p.m. |
| സെന്റ് ഗീവർഗ്ഗീസ് | പഴയേടത്തുപറമ്പിൽ കൊച്ചാപ്പു ഡേവിസ് | 09-11-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | കോട്ടയ്ക്കകത്തുകാരൻ ആന്റോ ഹെന്റ്റി | 09-11-14 | 3.15 p.m. |
| സെന്റ് ജോൺ I | മഞ്ഞളി തോമസ് ബിജു | 09-11-14 | 4.00 p.m. |
| സെന്റ് ജോൺ II | മാളിയേക്കൽ പൗലോസ് ജോസ് | 09-11-14 | 4.45 p.m. |
| വാ. മദർ തെരേസ | മച്ചിങ്ങൽ റപ്പായി ജോസ് | 09-11-14 | 5.30 p.m. |
| സെന്റ് മേരീസ് I | കോലങ്കണ്ണി വർഗ്ഗീസ് വിൻസൻ | 16-11-14 | 2.30 p.m. |
| സെന്റ് മേരീസ് II | തൊഴുത്തുംപറമ്പിൽ ദേവസ്സി ജോസഫ് | 16-11-14 | 3.15 p.m. |
| സെന്റ് അൽഫോൻസ | പള്ളിത്തറ ദേവസി വർഗീസ് | 16-11-14 | 4.00 p.m. |
| സെന്റ് റോസ് | കുറ്റിപ്പശ്ശേരി വർഗ്ഗീസ് പയസ് | 16-11-14 | 4.45 p.m. |
| സെന്റ് സേവ്യർ | തരകൻ അന്നമ്മ ആന്റണി | 16-11-14 | 5.30 p.m. |

**വായിക്കേണ്ട വചനഭാഗം : മത്തായി 6:19-21**

# ചാവറയച്ചനും എവുപ്രാസ്യമ്മയും
# വിശുദ്ധ പദവിയിലേയ്ക്ക്



## കേരളസഭയ്ക്ക് അഭിമാനമുഹൂർത്തം

**സി. ധന്യ സി.എം.സി.**
മാള സൊക്കോർസോ മഠം

കേരളസഭയ്ക്ക് ഏറെ ആനന്ദവും അഭിമാനവും ഉളവാക്കുന്ന ഒരു മുഹൂർത്തം കൂടി അടുത്തെത്തിയിരിക്കുന്നു. 2014 നവംബർ 23. കേരളസഭയിൽനിന്ന് ചാവറയച്ചനും എവുപ്രാസ്യമ്മയും വിശുദ്ധപദവിയിലേയ്ക്ക് ഉയർത്തപ്പെടുന്ന പുണ്യസുദിനം. ഈ വിശുദ്ധാത്മാക്കളുടെ പേരുകൾ ലോകജനതയിൽനിന്നുയരുമ്പോൾ കേരളത്തിന്റെ മാത്രമല്ല ഭാരതത്തിന്റെയും ആത്മീയസമ്പന്നത പ്രഘോഷിക്കപ്പെടുകയാണ്.നമുക്കതിൽ സന്തോഷിക്കാം. നല്ല ദൈവത്തിന് സ്തുതിഗീതം ആലപിക്കാം.

വി.കുര്യാക്കോസ് ഏലിയാസ് ചാവറയും വിശുദ്ധ എവുപ്രാസ്യയും നമുക്ക് നൽകുന്ന സന്ദേശം എന്താണ്? അവർ പകർന്ന ചൈതന്യധാരയിലൂടെ നമുക്കൊന്ന് കടന്നുപോകാം.

## വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ

വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചൻ 1805 ഫെബ്രുവരി 10ന് കൈനകരിയിൽ കുര്യാക്കോസ് - മറിയം ദമ്പതികളുടെ ആറു മക്കളിൽ ഇളയവനായി ജനിച്ചു. അഞ്ചാം വയസ്സിൽ കളരി ആശാന്റെ കീഴിൽ പഠനം ആരംഭിച്ചു. 13-ാം വയസ്സിൽ പള്ളിപ്പുറത്ത് പാലക്കൽ തോമാ മല്പാന്റെ ഇടവക സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനത്തിനുശേഷം 1829 നവംബർ 29ന് വൈദീകനായി. ജീവിച്ചിരുന്നപ്പോൾതന്നെ എല്ലാവരും അദ്ദേഹത്തെ ഒരു ദൈവീക മനുഷ്യൻ എന്നാണ് വിളിച്ചിരുന്നത്. അനർഘനിമിഷങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് കേരളജനതയ്ക്ക് നിരവധി നൂതന സംരംഭങ്ങൾ അദ്ദേഹം നടപ്പിലാക്കി. "നന്മ ചെയ്യാത്ത ഒരു ദിവസം ഉണ്ടായാൽ അത് നിന്റെ ആയുസ്സിന്റെ പുസ്തകത്തിൽ രേഖപ്പെടുത്താതെ പോകും"എന്നു പഠിപ്പിച്ച ചാവറയച്ചൻ ഒരു പുരുഷായുസ്സിൽ ചെയ്യാവുന്നതിലധികം നന്മകൾ 66 വർഷങ്ങൾക്കിടയിൽ ചെയ്തു. മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം നശിപ്പിക്കാനിടയായില്ല എന്ന് പറഞ്ഞുകൊണ്ട് 1871 ജനുവരി 3ന് ഭാഗ്യമരണം പ്രാപിച്ചു.

ജനങ്ങളുടെ വിശുദ്ധിയും പുരോഗതിയും ലക്ഷ്യംവെച്ച് നിരവധി നൂതന സംരംഭങ്ങൾക്ക് ആരംഭം കുറിച്ച നവോത്ഥാന നായകനാണ് ചാവറയച്ചൻ. ആയതിനാൽ അദ്ദേഹത്തോടൊപ്പം നമുക്കൊന്ന് യാത്ര ചെയ്യാം.

**വിദ്യാഭ്യാസാചാര്യൻ** :- വിദ്യാഭ്യാസരംഗത്ത് മാറ്റത്തിന്റെ ശംഖൊലി മുഴക്കിയ മുനിവര്യനാണ് ചാവറയച്ചൻ. അജ്ഞതയാകുന്ന അന്ധകാരം മൂലം സമൂഹത്തിൽ സമഭാവനയും സാഹോദര്യവും അന്യമാകുന്ന കാഴ്ച അദ്ദേ

ഹത്തിൽ ഹൃദയവ്യഥയുളവാക്കി. വ്യക്തിവികസനത്തിനും സാമൂഹ്യസുസ്ഥിതിക്കും വിദ്യാഭ്യാസം അനിവാര്യമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം അതിനായി തുനിഞ്ഞിറങ്ങി. സവർണ്ണരും അവർണ്ണരും തമ്മിലുള്ള വിടവ് അകറ്റാനുള്ള അദ്ദേഹത്തിന്റെ പരിശ്രമഫലമാണ് മാന്നാനം കുന്നിൽ 1846ൽ അദ്ദേഹം സ്ഥാപിച്ച സംസ്കൃത സ്കൂൾ. വികാരി ജനറാൾ ആയിരിക്കവേ, പള്ളിയോട്ചേർന്ന് പള്ളിക്കൂടം പദ്ധതി അദ്ദേഹം നടപ്പിലാക്കി. ഇന്ന് പ്രാബല്യത്തിലിരിക്കുന്ന ഉച്ചകഞ്ഞി, സൗജന്യ പുസ്തകവിതരണം തുടങ്ങിയവ പാവപ്പെട്ടവരുടെ ഉന്നമനത്തിനായി ചാവറയച്ചൻ ആവിഷ്ക്കരിച്ച പദ്ധതികളാണ്.

**മുദ്രാണാലയ പ്രേഷിതൻ** :- കേരളക്കരയിൽ സുറിയാനിക്കാർക്ക് ആ കാലഘട്ടത്തിൽ സ്വന്തമായി ഒരു പ്രസ്സ് ഉണ്ടായിരുന്നില്ല. ചാവറയച്ചൻ തിരുവനന്തപുരത്ത് പോയി സർക്കാർ അച്ചുകൂടം കാണുകയും തിരിച്ചെത്തിയ ഉടനെ വാഴപ്പിണ്ടിയിൽ പ്രസ്സിന്റെ മാതൃക ഉണ്ടാക്കുകയും തുടർന്ന് ഈ മാതൃകയിൽ നിന്ന് മരത്തിന്റെ അച്ചുകൂടമുണ്ടാക്കുകയും ചെയ്തു. 1846-ൽ അദ്ദേഹം മാന്നാനത്ത് സെന്റ് ജോസഫ്സ് പ്രസ്സ് സ്ഥാപിച്ചു. കേരളത്തിന്റെ ആദ്യ ദിനപത്രമായ നസ്രാണി ദീപിക ഈ പ്രസ്സിൽനിന്നാണ് അച്ചടിച്ചിറക്കിയത്.

**സ്ത്രീ സമുദ്ധാരകൻ** : 19 -ാം നൂറ്റാണ്ടിലെ സ്ത്രീകളുടെ ജീവിതം ഇരുളടഞ്ഞതായിരുന്നു. കുടുംബത്തിന്റെ അകത്തളങ്ങളിൽമാത്രം ഒതുങ്ങിക്കൂടാൻ വിധിക്കപ്പെട്ടവർ. ചാവറയച്ചന്റെ നേതൃത്വത്തിൽ പെൺകുട്ടികൾക്കുവേണ്ടി മാത്രമുള്ള ആദ്യത്തെ സ്ക്കൂളും ബോർഡിംഗ് ഹൗസും 1868-ൽ കൂനമ്മാവിൽ ആരംഭിച്ചു.

**ജീവകാരുണ്യപ്രവർത്തകൻ** :- അഗതികളോട് കരുണയും കരുതലും ഉണ്ടായിരുന്ന ചാവറയച്ചൻ 1869 - ൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ 'പരസ്പരസ്നേഹധർമ്മശാലാ' എന്ന പേരിൽ കേരളത്തിലെ ആദ്യ ഉപവിശാല സ്ഥാപിച്ചു.

**തൊഴിലാളികളുടെ സ്നേഹിതൻ** :- അധ്വാനിക്കുന്ന തൊഴിലാളിക്ക് ന്യായമായ കൂലി കൊടുപ്പിക്കാൻ അദ്ദേഹം ശബ്ദമുയർത്തി. 'വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു' എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

**സന്യാസ സ്ഥാപകൻ** :- ഭാരതത്തിൽ പുരുഷന്മാർക്കുള്ള ആദ്യസന്യാസ സമൂഹം സി.എം.ഐ.യും (1831) കേരളത്തിലെ ആദ്യ തദ്ദേശീയ സന്യാസിനിസമൂഹം സി.എം.സി.യും (1866) സ്ഥാപിച്ചത് ചാവറയച്ചനാണ്.

**വിശ്വാസസംരക്ഷകൻ** :- റോക്കോസ് ശീശ്മയുടെ അവസരത്തിൽ കത്തോലിക്കരെ ഒന്നിപ്പിച്ചു നിർത്തി, നിയമവിരുദ്ധമായി കേരളത്തിൽ വന്ന് സഭാധികാരം ഏറ്റെടുത്ത റോക്കോസ് മെത്രാനെ സമാധാനപൂർവ്വം ബാഗ്ദാദിലേക്ക് പറഞ്ഞയക്കാൻ ചാവറയച്ചൻ നേതൃത്വം നൽകി.

**സഭാനവീകരണത്തിനായി യത്നിച്ചവൻ** :- 1866-ൽ കൂനമ്മാവ് ആശ്രമ

ത്തിൽ കേരളത്തിൽ ആദ്യമായി ചാവറയച്ചൻ 40 മണിക്കൂർ ആരാധന നടപ്പിലാക്കി. 1838-ൽ കേരളത്തിൽ ആദ്യമായി മാന്നാനത്ത് കുരിശിന്റെ വഴി സ്ഥാപിച്ചു. ഇടവക ധ്യാനങ്ങളും വൈദീകർക്കുള്ള വാർഷികധ്യാനങ്ങളും ഞായറാഴ്ച പള്ളിപ്രസംഗങ്ങളും പതിവാക്കാനും അദ്ദേഹം നിമിത്തമായി.

**സാഹിത്യകാരൻ** :- ചാവറയച്ചൻ പറഞ്ഞിട്ട അക്ഷരക്കൂട്ടങ്ങളിൽ ദൈവകൃപയുടെ സ്പർശനം ദർശിക്കാനാകും. ആത്മാനുതാപം, അനസ്താസ്യയുടെ രക്തസാക്ഷിത്വം (മലയാളത്തിലെ ആദ്യഖണ്ഡകാവ്യം), മരണവീട്ടിൽ പാടുന്നതിനുള്ള പാന എന്നീ കാവ്യങ്ങളും, നല്ല അപ്പന്റെ ചാവരുൾ, ധ്യാനസല്ലാപം, ധ്യാനക്കുറിപ്പുകൾ തുടങ്ങിയ ഗദ്യരചനകളും, ഇടയനാടകങ്ങൾ (ഭാരതത്തിലെ ആദ്യനാടകങ്ങൾ) തുടങ്ങിയവയും അദ്ദേഹത്തിന്റെ പ്രധാന സാഹിത്യസംഭാവനകളാണ്.

**ആത്മീയാചാര്യൻ** :- കാലാതീതമായ ഒരു പ്രകാശഗോപുരമാകാൻ ചാവറപ്പിതാവിന് എങ്ങനെ കഴിഞ്ഞു? ദിവ്യകാരുണ്യസന്നിധിയിൽ സർവ്വം മറന്ന് ധ്യാനനിർലീനനായിരിക്കുമ്പോൾ തന്റെ ഹൃദയം മുഴുവൻ ഈശോയുമായി ആ പുണ്യപിതാവ് പങ്കുവച്ചു. 'ദൈവതിരുമനസ്സ് നടക്കും നടത്തും' എന്നതായിരുന്നു അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം. എല്ലാവരേയും മനുഷ്യമഹത്വത്തിലേക്ക് ഉയർത്താൻ ശ്രമിച്ച ദൈവകൃപയുടെ സംവാഹകനാണ് ചാവറയച്ചൻ.

## വിശുദ്ധ എവുപ്രാസ്യ എലുവത്തിങ്കൽ

തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിൽ എലുവത്തിങ്കൽ തറവാട്ടിൽ അന്തോണി - കുഞ്ഞേത്തി ദമ്പതികളുടെ പ്രഥമ സന്താനമായി 1877 ഒക്ടോബർ 17ന് റോസ ഭൂജാതയായി. എടത്തിരുത്തി ഇടവക ദൈവാലയത്തിൽ വച്ച് ഒക്ടോബർ 25ന് മാമ്മോദീസ സ്വീകരിച്ചു. ദൈവീകകാര്യങ്ങളിലുള്ള അഭിരുചി ചെറുപ്പം മുതൽ തന്നെ റോസയിൽ പ്രകടമായിരുന്നു. ഒമ്പതാം വയസ്സിൽ തന്നെ തന്റെ കന്യാത്വം ദൈവത്തിന് സമർപ്പിച്ച അവൾ സമയത്തിന്റെ പൂർത്തിയിൽ തന്റെ ആഗ്രഹം അപ്പനെ അറിയിച്ചു. മകളുടെ വിവാഹം സ്വപ്നം കണ്ടുകൊണ്ടിരുന്ന അദ്ദേഹത്തിന് ഇത് സ്വീകാര്യമായിരുന്നില്ല. ഇളയമകൾ കൊച്ചുത്രേസ്യായുടെ മരണം അദ്ദേഹത്തിന്റെ കാർക്കശ്യത്തിന് അയവ് വരുത്തുകയും റോസയ്ക്ക് മഠത്തിൽ ചേരാൻ അനുവാദം നൽകുകയും ചെയ്തു. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചനാൽ സ്ഥാപിതമായ കൂനമ്മാവ് സി.എം.സി. മഠത്തിൽ 1888-ൽ റോസ ചേർന്നു. 1896-ൽ തൃശ്ശൂർ മെത്രാൻ മാർ ജോൺ മേനാച്ചേരി, അമ്പഴക്കാട് ഒരു മഠം സ്ഥാപിച്ചു. റോസയെയും മറ്റു അർത്ഥിനികളെയും അവിടേക്ക് കൊണ്ടുവന്നു. 1897 മെയ് 10ന് അവൾ ശിരോവസ്ത്രം സ്വീകരിച്ച് ഈശോയുടെ തിരുഹൃദയത്തിന്റെ സി. എവുപ്രാസ്യ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 1898 ജനുവരി 10ന് അവൾ സഭാവസ്ത്രം സ്വീകരിച്ചു. 1900 മെയ് 24ന് ഒല്ലൂർ മഠത്തിൽ വെച്ച് നിത്യവ്രതവാഗ്ദാനം നടത്തി. തന്റെ കണ്ണും കരളും ദിവ്യസക്രാരിയിൽ അവൾ ഉറപ്പിച്ചു. വിശുദ്ധിയുടെ പടവുകൾ ആ സുകൃത കന്യക ഓടി

ക്കയറിക്കൊണ്ടിരുന്നു. 1952 ആഗസ്റ്റ് 29ന് ആ മാടപ്രാവ് സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നു.

**പ്രാർത്ഥിക്കുന്ന അമ്മ : –** ദൈവാലയത്തിന്റെ ഒരു മൂലയിൽ സക്രാരിക്കുമുന്നിൽ ജപമാലമണികൾ വിരലുകൾക്കിടയിലൂടെ ചലിപ്പിച്ചിരിക്കുന്ന ഇരിപ്പുകണ്ട് ജനം അമ്മയെ "പ്രാർത്ഥിക്കുന്ന അമ്മ" എന്ന് വിളിയ്ക്കാൻ തുടങ്ങി. മാത്രമല്ല, പ്രാർത്ഥിക്കുന്ന ചേർപ്പുക്കാരന്റെ കന്യാസ്ത്രീയെ കാണാൻ ചുറ്റുപാടുള്ളവർ ഓടിക്കൂടി.

**രോഗികൾക്ക് ആശ്വാസദായിക : –** രോഗങ്ങളാൽ വലയുന്നവർക്ക് എവുപ്രാസ്യ സ്നേഹശുശ്രൂഷ ചെയ്തു. വിവിധ പകർച്ചവ്യാധികളാൽ സഹോദരിമാർ അസ്വസ്ഥത അനുഭവിച്ചപ്പോൾ സ്നേഹപൂർവ്വം അവരെ പരിചരിച്ചു

**കുട്ടികൾക്ക് സാന്ത്വനം : –** കുട്ടികൾക്ക് പ്രകാശം പകരുന്ന ഒരു വെള്ളിനക്ഷത്രമാണ് എവുപ്രാസ്യമ്മ. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ അമ്മയുടെ മാദ്ധ്യസ്ഥത്തിലൂടെ വിജയം കൈവരിച്ചു. കൊച്ചുകൊച്ചു പ്രാർത്ഥനകളും ആശ്വാസ വചനങ്ങളും അവരിൽ ആശ്വാസത്തിന്റെയും സൗഖ്യത്തിന്റെയും സ്നേഹതൈലം പകർന്നു.

**കൃതജ്ഞതയുടെ വാനമ്പാടി : –** തനിക്ക് നിസ്സാരമായ എന്തെങ്കിലും ചെയ്തുകൊടുത്തവരോട് സന്തോഷത്തോടെ അമ്മ പറയും, "മരിച്ചാലും മറക്കില്ലാട്ടോ" ഇന്നും അമ്മയുടെ വാക്കുകൾ മായാത്ത ഓർമ്മയായ് ജനഹൃദയങ്ങളിൽ കുടികൊള്ളുന്നു.

**കുടുംബങ്ങളുടെ കാവൽക്കാരി : –** വിവിധ കുടുംബപ്രശ്നങ്ങളുമായി അനേകർ അമ്മയെ തേടി വന്നു. പ്രശ്നങ്ങളുടെ മഞ്ഞുമല അമ്മയുടെ സാന്ത്വനത്താൽ ഉരുകി ഇല്ലാതാകുമായിരുന്നു. "സത്യസന്ധമായി ജീവിച്ചോട്ടോ, കള്ളവും ചതിയും പാടില്ല, തമ്പുരാന് അസാധ്യമായി ഒന്നുമില്ല" എന്നിങ്ങനെ സാന്ത്വനവചസുകളും, ചൊല്ലുവാൻ നിർദ്ദേശിച്ചിരുന്ന പ്രാർത്ഥനകളും വഴി ധാരാളം പേർ ആശ്വാസവും പ്രശ്നപരിഹാരവും നേടി.

**ശുദ്ധീകരണാത്മാക്കളുടെ അമ്മ :–** മരിച്ചവരെ പ്രാർത്ഥനകൾ വഴി സഹായിക്കുക എന്ന തിരുസഭയുടെ ആഹ്വാനം ഹൃദയത്തിലേറ്റിയവളാണ് എവുപ്രാസ്യമ്മ. മരണമടഞ്ഞ വളരെപേർ അമ്മയോട് പ്രാർത്ഥനാസഹായം അപേക്ഷിച്ചിരുന്നതായി ലിഖിതങ്ങളിൽ കാണാം. അവർക്കുവേണ്ടി എന്ത് ത്യാഗം സഹിക്കാനും എവുപ്രാസ്യമ്മ തയ്യാറായിരുന്നു.

ഒരു അമ്മ സ്വന്തം മകളെ വളർത്തുന്നതുപോലെയുള്ള ആഴമായ ബന്ധം പരിശുദ്ധ അമ്മയും എവുപ്രാസ്യമ്മയും തമ്മിലുണ്ട്. സന്യാസ ജീവിതത്തിന്റെ ആരംഭം മുതൽ തിരുക്കുടുംബത്തിന്റെ പ്രത്യേക ഇടപെടലും സംരക്ഷണവും എവുപ്രാസ്യമ്മയുടെ ജീവിതത്തിൽ പ്രകടമാണ്. തന്റെ മോക്ഷമണവാളനായ ഈശോയുടെയും, സ്വർഗ്ഗവാസികളുടെയും ശക്തമായ സാന്നിദ്ധ്യം എവുപ്രാസ്യമ്മയോടൊപ്പമുണ്ടായിരുന്നു. പ്രകാശഗോപുരങ്ങളായി ഉയർത്തപെട്ടിരിക്കുന്ന ഈ വിശുദ്ധാത്മാക്കളുടെ മാധ്യസ്ഥ്യം നമ്മുടെ ജീവിതയാത്രയെ കൂടുതൽ ശോഭനമാക്കട്ടെ.



# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

11-01-1995ൽ നിലവിൽവന്ന ദേശീയ കുടുംബക്ഷേമ പദ്ധതിയെ കുറിച്ചുള്ള വിവരങ്ങളാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ മുഖ്യ അന്നദാതാവ് (പ്രധാന വരുമാനമുണ്ടാക്കി കുടുംബത്തെ സംരക്ഷിക്കുന്ന വ്യക്തി) മരണപ്പെട്ടാൽ 20,000/- രൂപ ധനസഹായത്തിന് അർഹതയുണ്ട്. കുടുംബത്തിലെ ഏതു വ്യക്തിയ്ക്കും അവകാശി എന്ന നിലയിൽ പ്രസ്തുത കുടുംബത്തിന്റെ പ്രധാന വരുമാനം ആർജ്ജിക്കുന്ന വ്യക്തി മരിച്ചാൽ ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇനി ഈ സഹായം ലഭിക്കുന്നതിനുള്ള അർഹതയെ കുറിച്ച്: മരണപ്പെട്ട വ്യക്തി മരണം സംഭവിയ്ക്കുന്നതിന് തൊട്ടുമുമ്പ് മൂന്നു വർഷം കേരളത്തിൽ സ്ഥിരതാമസമായിരിക്കണം. അതുപോലെ 18നും 64നും ഇടയിൽ പ്രായമുള്ളവരും വരുമാനമുണ്ടാക്കി കുടുംബത്തെ സംരക്ഷിച്ചു വരുന്നവരുമായിരിയ്ക്കണം. പ്രസ്തുത കുടുംബത്തിന്റെ വാർഷിക വരുമാനം 11000/- രൂപയിൽ കൂടുവാൻ പാടില്ലാത്തതാകുന്നു.

അവകാശികളുടെ പട്ടികയിൽ ഭാര്യ, ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, വിവാഹിതരാകാത്ത പെൺമക്കൾ, ആശ്രയിച്ചു കഴിയുന്ന അച്ഛനമ്മമാർ എന്നിവർ ഉൾപ്പെടുന്നു. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പികൾ തയ്യാറാക്കി ജില്ലാ കളക്ടർക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സമർപ്പിയ്ക്കണം. മരണം സംഭവിച്ച് ഒരു മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. എന്നിരുന്നാലും തക്കതായ കാരണങ്ങൾ ബോധ്യപ്പെടുത്തിയാൽ കാലതാമസം മാപ്പാക്കുന്നതിന് കളക്ടർക്ക് അധികാരമുണ്ട്.

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>മാപ്രാണം | മാളിയേക്കൽ<br>കൈതാരത്ത് | റാഫേൽ+ഷീല<br>തോമസ്+വത്സ | ഷെറിൻ<br>സിൽഷിത | 04-10-14 |
| മാപ്രാണം<br>കരുവന്നൂർ | ചക്രംപുള്ളി<br>പോട്ടോക്കാരൻ | പീറ്റർ+റോസിലി<br>ജോണി+ലാലി | ജീസസ്<br>ജാസ്മിൻ | 15-10-14 |

# ദമ്പതി-ആന്തരിക സൗഖ്യധ്യാനം



**ദമ്പതി ധ്യാനം റവ. ഫാ. തോമസ് മേനാച്ചേരി ഉദ്ഘാടനം ചെയ്യുന്നു. ധ്യാനഗുരുക്കന്മാരായ റവ. ഫാ. ജോർജ്ജി പള്ളിക്കുന്നേൽ, റവ. ഫാ. ജെയിംസ് കാരക്കൊമ്പിൽ എന്നിവരേയും കാണാം.**

ഇരിങ്ങാലക്കുട രൂപതാ ദമ്പതി വർഷാചരണത്തോടനുബന്ധിച്ച് മാപ്രാണം ഹോളിക്രോസ് തീർത്ഥാടന ദൈവാലയത്തിൽ ഫ്രാൻസിസ്കൻ അൽമായ സമൂഹത്തിന്റെ നേതൃത്വത്തിൽ ദമ്പതി - ആന്തരികസൗഖ്യ ധ്യാനം നടന്നു. സെപ്തംബർ 29 മുതലുള്ള 4 ദിവസങ്ങളിലായിരുന്നു ധ്യാനം. എഴുമുട്ടം താബോർ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ്ജി പള്ളിക്കുന്നേലും ടീമുമാണ് ധ്യാന ശുശ്രൂകൾ നയിച്ചത്. രൂപത സ്പിരിച്ചാലിറ്റി സെന്റർ ഡയറക്ടർ റവ. ഫാ തോമസ് മേനാച്ചേരി ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു. വികാരി റവ.ഫാ.ജോസ് മാളിയേക്കൽ ആമുഖ പ്രഭാഷണം നടത്തി. ട്രസ്റ്റിമാരായ ജോസ് ചെങ്ങാലൂക്കാരൻ, ജോസഫ് കാച്ചപ്പിള്ളി, സൈമൺ ചാക്കോര്യ, ഫ്രാൻസിസ്കൻ അൽമായ സമൂഹം പ്രസിഡണ്ട് മാത്യു ആഴ്ച്ചങ്ങാടൻ, സെക്രട്ടറി ശ്രീമതി ലില്ലി ആന്റണി കൂടലി, കോ-ഓഡിനേറ്റർ ആന്റണി കണ്ടംകുളത്തി എന്നിവർ നേതൃതം നൽകി. 320 ദമ്പതിമാർ ധ്യാനത്തിൽ പങ്കെടുത്തു.

## കഴിഞ്ഞ ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) റിയ മരിയ യേശുദാസ് - വാ. മദർ തെരേസ (2) ഗ്രെയ്റ്റൻ പി.ജെ. - സെന്റ് മേരീസ് II (3) റോസി ആന്റണി - സെന്റ് ജോസഫ് (4) ബീന ജോൺ - സെന്റ് മേരീസ് I (5) സിയ റൂബിസൺ - സെന്റ് മേരീസ് II (6) ഡിൻസി ജോൺസൺ - സെന്റ് മേരീസ് II (7) റീമ സിന്റോ - സെന്റ് സെബാസ്റ്റ്യൻ (8) ഷാലി ജെയ്സൻ - ഇൻഫന്റ് ജീസസ്

**ബാലപംക്തി**



# നിദ്ര

ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

B.C. 6-ാം നൂറ്റാണ്ടിൽ നേപ്പാളിലെ ലുംബിനിയിൽ ജനിച്ച 'സിദ്ധാർഥ'യാണ് പിന്നീട് ബുദ്ധമത സ്ഥാപകനായ ഗൗതമ ബുദ്ധയായത്. ഒരിക്കൽ ബുദ്ധ ഭഗവാന്റെ അരികിലേക്ക് ഒരു സ്ത്രീ കരഞ്ഞുകൊണ്ട് തന്റെ ഏകമകനെ കൈകളിലേന്തി എത്തി. തന്റെ മകൻ മരിച്ചുപോയി, അവൻ മാത്രമാണ് തനിക്കുള്ള ആശ്രയം, അവനെ പുനർജീവിപ്പിക്കണം. ആ സ്ത്രീ നിറമിഴികളോടെ പ്രയാസപ്പെട്ട് പറഞ്ഞൊപ്പിച്ചു. വളരെ ശാന്തചിത്തനായി അദ്ദേഹം അവളോട് പറഞ്ഞു : അതിനെന്താ....... നിന്റെ മകനെ ഞാൻ പുനർജീവിപ്പിക്കാം. പക്ഷെ, ആരെങ്കിലും മരിക്കാത്ത ഒരു വീട്ടിൽനിന്ന് നീ ഒരു നാഴി കടുക് കൊണ്ടുവരണം. ആരും മരിയ്ക്കാത്ത ഒരു വീടുതേടി അവൾ യാത്രയായി. എന്നാൽ, ഒരു മാസത്തിനുശേഷം തിരിച്ച് വന്ന ആ സ്ത്രീ സമാധാനത്തോടെ ശ്രീബുദ്ധനോട് പറഞ്ഞു. "ആരും മരിച്ചിട്ടില്ലാത്ത ഒരു വീട് കണ്ടെത്താൻ എനിക്ക് കഴിഞ്ഞില്ല. എല്ലാ വീട്ടിലും ഏതെങ്കിലും കുടുംബാംഗം മരിച്ചിട്ടുണ്ട്". ബുദ്ധഭഗവാൻ ശാന്തനായി മറുപടി പറഞ്ഞു. മകളേ, മരണമൊരു യാഥാർത്ഥ്യമാണ്. നീ അത് മനസ്സിലാക്കുക. സമാധാനത്തോടെ തിരിച്ച് പോകുക.

മരണം എന്ന യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുവാൻ ശക്തരാകുമ്പോഴേ ജീവിതയഥാർത്ഥ്യങ്ങളേയും ശരിയായി അഭിമുഖീകരിക്കുവാൻ നമുക്കാവൂ. "മരണത്തിന്റെ നിഴൽ വീണ താഴവരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും കർത്താവ് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീർത്തനങ്ങൾ 23:4) വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ മരണപത്രികയിൽ തനിക്കുവേണ്ടിയും എല്ലാ മരണാസന്നർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ പ്രത്യേകം അഭ്യർത്ഥിച്ചിരുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവന്റെ മരണമാണ് ഈ ലോകത്തിൽ വച്ചേറ്റവും സുന്ദരമായ മരണം. ക്രിസ്തുവിനോട് ചേർന്നുനിൽക്കുമ്പോൾ മരണം നമുക്ക് ഒരനുഗ്രഹമായിമാറും. അതേൽപ്പിക്കുന്ന ക്ഷതങ്ങളെ സൗഖ്യമാക്കാനും കഴിയും. മരണത്തെ അതിജീവിയ്ക്കാൻ കെൽപുള്ളതാണ് ദൈവസ്നേഹമെന്ന് ബെനഡിക്ട് 16-ാമൻ മാർപാപ്പ പറഞ്ഞിട്ടുണ്ട്. ഗബ്രിയേൽ ഗാർസ്യ മാർക്കേസിന്റെ വാക്കുകളാണിത്, "ഇനിയൊരു ജന്മമുണ്ടെങ്കിൽ എല്ലാവരോടും പറയാൻ ഞാൻ ഈ വാക്കുകൾ ചുണ്ടിൽ സൂക്ഷിക്കും. I am sorry,Thanks, Please". ഈ വാക്കുകൾ നമുക്കും മറ്റുള്ളവരോട് പറയുവാൻ കഴിയട്ടെ. മരിച്ചവിശ്വാസികൾക്ക് വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും അവരെ ഓർക്കുകയും ചെയ്യുന്ന മാസമാണല്ലോ നവംബർ. നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായ വി.യൗസേപ്പിതാവിനോട് എല്ലാവർക്കുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

# സഭാവാർത്തകൾ



സി. ഡെൽസ മരിയ FCC, മാപ്രാണം

**1. മത തീവ്രവാദം അരുത് - മാർപാപ്പ :** ഒരു മത വിഭാഗവും ദൈവത്തെ മറയാക്കി തീവ്രവാദം വളർത്തരുതെന്ന് ഫ്രാൻസീസ് മാർപാപ്പ. മുസ്ലീം ഭൂരിപക്ഷമുള്ള അൽബേനിയായിൽ ഒരു ദിവസത്തെ സന്ദർശനത്തിന്എത്തിയതായിരുന്നു പാപ്പ. മനുഷ്യന്റെ അന്തസ്സും മൗലികാവകാശങ്ങളും എല്ലാവരും മാനിക്കണമെന്നും മതത്തിന്റെ കൂട്ടുപിടിച്ച് സ്ത്രീകൾക്കു നേരെ അതിക്രമങ്ങൾ അരുതെന്നും പാപ്പ അഭിപ്രായപ്പെട്ടു. എല്ലാവർക്കും ജീവിക്കാനും ഏത് മതത്തിൽ വിശ്വസിക്കാനും ലോകത്ത് സ്വാതന്ത്ര്യമുണ്ടെന്ന് പാപ്പ പറഞ്ഞു.

**2. ഗവൺമെന്റ് കൈവിട്ടവർക്ക് സഭ തുണയാകുന്നു :** ഫിലിപ്പീൻസിലെ ആദിവാസി സമൂഹം പാർക്കുന്ന ദേശം ഖനനം നടത്തുന്നതിനായി ഗവൺമെന്റ് ഏറ്റെടുത്തു. അവരുടെ ഭവനങ്ങളും സ്ഥലങ്ങളും വനവും ഇല്ലാതാക്കുന്ന നടപടിക്കെതിരെ മിഷനറിമാർ രംഗത്ത്. ഭക്ഷണവും താമസ സൗകര്യവും നൽകി അവരെ സംരക്ഷിക്കാൻ സഭ മുന്നോട്ടു വന്നിരിക്കുന്നു.

**3. ലോക മനഃസാക്ഷി ഉണരണം - പാത്രിയാർക്കീസ് :** ഇറാഖി ക്രൈസ്തവർ നേരിടുന്ന ദുരിതം ആർക്കും സങ്കൽപിക്കാൻ കഴിയുന്നതിനും അപ്പുറമാണെന്ന് കൽദായ കത്തോലിക്കാ പാത്രിയാർക്കീസ് പറഞ്ഞു. ഇസ്ലാമിക തീവ്രവാദികളുടെ ആക്രമണങ്ങളെ തുടർന്ന് വീടുവിട്ട് പാലായനം ചെയ്ത ഒരു ലക്ഷത്തിലേറെ ക്രൈസ്തവർ ഇന്ന് വടക്കൻ ഇറാഖിലെ ഇർബിൽ, ദോഗോക്ക് എന്നീ നഗരങ്ങളിൽ അഭയാർത്ഥികളാണ്.

**4. റവ. ഡോ. പട്ടേരി ഈശോ സഭയുടെ സൗത്ത് ഏഷ്യ പ്രൊവിൻഷ്യാൾ ആയി തിരഞ്ഞെടുക്കപ്പെട്ടു :** ഇരിഞ്ഞാലക്കുട രൂപതയിലെ സേവിയൂർ ഇടവകാംഗമാണദ്ദേഹം.

**5. റവ. ഡോ. ചേടിയത്തിന് മല്പാൻ പദവി :** പൗരസ്ത്യസഭാ പിതാക്കന്മാരുടെ പഠനങ്ങളിൽ അവഗാഹമുള്ള പ്രൊഫസറാണ് ഡോ. ചേടിയത്ത്. കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിലും തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിലുമായി മൂന്ന് പതിറ്റാണ്ടുകാലം പ്രൊഫസറായിരുന്ന ഡോ. ചേടിയത്തിന് വൈകിവന്ന അംഗീകാരമാണ് സീറോ മലങ്കരസഭയിലെ മല്പാൻ പദവി.

## മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| എലുവത്തിങ്കൽ വറീത് ഭാര്യ ത്രേസ്യ (ബേബി) | 29 - 09 - 2014 | സെന്റ് ഗീവർഗ്ഗീസ് |
| കോട്ടയ്ക്കകെത്തുകാരൻ ഔസേഫ് ജോസ് | 01 - 10 - 2014 | സെന്റ് മേരീസ് II |
| ചേറ്റുപുഴക്കാരൻ വർഗ്ഗീസ് ഭാര്യ ത്രേസ്യ | 21 - 10 - 2014 | സെന്റ് ജോസഫ് |



# നൊമ്പരങ്ങളുടെ തടവറ

**പോളി അറയ്ക്കൽ**

"അവസാനത്തെ ചില്ലിക്കാശും കൊടുത്തു വീട്ടുവോളം നീ അവിടെ (കാരാഗൃഹത്തിൽ) നിന്നും പുറത്തുവരികയില്ല എന്ന് സത്യമായി ഞാൻ നിന്നോടു പറയുന്നു"(മത്തായി 5:26)

16-ാം നൂറ്റാണ്ടിൽ പ്രോട്ടസ്റ്റന്റ് നവീകരണവാദം ശക്തിപ്പെടുന്നതുവരെ ശുദ്ധീകരണ സ്ഥലത്തിന്റെ അസ്തിത്വവും, പരേതാത്മാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥനകളും പുണ്യപ്രവർത്തികളും ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. ആ തർക്കവിതർക്കങ്ങൾ ഇപ്പോഴും തുടരുന്നുവെങ്കിലും 1563 -ലെ വത്തിക്കാൻ ഡിക്രിയും 1965 -ലെ രണ്ടാം വത്തിക്കാൻ സുനഹദോസും ഈ പരമ്പരാഗത വിശ്വാസം ആവർത്തിച്ചുറപ്പിച്ചു. സഭയുടെ ആരംഭത്തിൽ, അതായത് 5-ാം നൂറ്റാണ്ടു മുതൽതന്നെ 'മരിച്ചവർക്കുവേണ്ടിയുള്ള കുർബാന ചൊല്ലിച്ച്' കാഴ്ചവയ്ക്കൽ നിലവിൽ വന്നിരുന്നു. മരിച്ചവർക്കായുള്ള പ്രാർത്ഥനകളും പുണ്യപരിഹാരപ്രവർത്തികളും അർത്ഥശൂന്യമാണെന്നും, അവക്കൊരടിസ്ഥാനവുമില്ലെന്നും വി. ബൈബിൾ സാക്ഷിയാക്കി വാദിക്കുന്നവരും ഉണ്ട്. ശുദ്ധീകരണസ്ഥലം ഇല്ലെന്നു വാദിക്കുന്നവർക്ക്, പ്രാർത്ഥനകളും പരിഹാര പ്രവർത്തികളും അർത്ഥശൂന്യമായി തോന്നുന്നതിലും അത്തരത്തിൽ വാദിക്കുന്നതിലും അത്ഭുതമില്ലല്ലോ. പക്ഷെ, വി. ഗ്രന്ഥത്തിലും വിശുദ്ധരുടെ ജീവചരിത്രങ്ങളിലും ശുദ്ധീകരണസ്ഥലത്തേപ്പറ്റിയുള്ള പ്രത്യക്ഷവും പരോക്ഷവുമായ പ്രസ്താവനകളും വ്യക്തമായ സൂചനകളും കാണാൻ കഴിയും. വി. ഗ്രന്ഥത്തിൽ 2 മക്ക 12:38-45, പ്രഭാ 7:33, മത്തായി 12:32, 12:36, ലൂക്ക 16:19, 2 തിമോത്തി 1:16-18, 1കൊറി 12:26, എഫേ 4:9-10 ഇവയൊക്കെ ശുദ്ധീകരണസ്ഥലത്തേയും, സ്വർഗ്ഗ - നരകങ്ങളേയും പറ്റി, സൂചനകളും സാക്ഷ്യങ്ങളും നൽകുന്നു. വി.അന്തോണീസ്, വി. ഫൗസ്തീന, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ എന്നിവർ ജീവചരിത്രക്കുറിപ്പുകളിൽ ശുദ്ധീകരണസ്ഥലത്തേക്കുറിച്ചുള്ള വ്യക്തമായ അനുഭവസാക്ഷ്യങ്ങൾ നമുക്കുനൽകുന്നു. വളരെ പ്രചാരത്തിലുള്ളതും അത്യധികം ഫലദായകമെന്ന് വിശ്വസിക്കുന്നതുമായ "ഗ്രിഗോരിയൻ"കുർബാനയർപ്പണത്തിന്റെ ഉത്ഭവം ഇത്തരത്തിലുള്ള ഒരനുഭവത്തിൽ നിന്നാണ്. 30 ദിവസം തുടർച്ചയായി ഒരു വൈദികൻ ഒരേ സമയത്ത് ഒരേ അൾത്താരയിൽത്തന്നെ പ്രാർത്ഥന ആവശ്യമുള്ള നിയോഗാർത്ഥിക്കുവേണ്ടി ബലിയർപ്പിച്ചു പ്രാർത്ഥിക്കുന്നതാണ് ഗ്രിഗോരിയൻ കുർബാന.

താനുമായി അല്പം നീരസമുണ്ടായിരുന്ന ഒരു സന്യാസസഹോദരൻ രമ്യപ്പെടുന്നതിനു മുൻപ്, മരണം പ്രാപിച്ചപ്പോൾ ആശ്രമാധിപന് വിഷമവും പശ്ചാത്താപവുമായി. താൻ മൂലം ആ സഹോദരൻ ശിക്ഷ അനുഭവിക്കുമെന്ന ചിന്തയിൽ വിഷമിച്ച അദ്ദേഹം മേൽ പറഞ്ഞപോലെ ബലിയർപ്പി

ക്കുകയും പരിഹാരമനുഷ്ഠിക്കുകയും ചെയ്തു. 30-ാം ദിവസം പ്രസ്തുത സന്യാസി അദ്ദേഹത്തിനു കാണപ്പെട്ട് "ശുദ്ധീകരണസ്ഥലത്തിനു വിധിക്കപ്പെട്ട താൻ ആശ്രമാധിപൻ അനുഷ്ഠിച്ച പരിഹാര ബലിയാൽ മോചിതനായി എന്നും സ്വർഗ്ഗ പ്രാപ്തി ലഭിച്ചതായും അറിയിച്ചു നന്ദിയും മാദ്ധ്യസ്ഥവാഗ്ദാനവും നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്".

വി. അന്തോണീസിന്റെ സുഹൃത്തായിരുന്ന ഒരു വ്യക്തി മരണമടഞ്ഞു. അദ്ദേഹത്തിനായി ധാരാളം കുർബ്ബാനകളും ഭക്തകൃത്യങ്ങളും സമർപ്പിക്കപ്പെട്ടു. വർഷങ്ങൾ കഴിഞ്ഞ് ഒരുനാൾ അദ്ദേഹത്തിന്റെ ആത്മാവ് വിശുദ്ധനു കാണപ്പെട്ടു. വി. അന്തോണീസ് ദുഃഖത്തോടെ ആരാഞ്ഞു - സ്നേഹിതാ, താങ്കൾ ഭക്തനായിരുന്നു. മരണശേഷം ഇത്രയധികം സൽകൃത്യങ്ങൾ അനുഷ്ഠിച്ചിട്ടും ഇപ്പോഴും ശുദ്ധീകരണ സ്ഥലത്തു തന്നെയാണോ?

"ഞാൻ ഭൂമിയിലായിരുന്നപ്പോൾ ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിൽ വിമുഖനായിരുന്നു. ഇപ്പോൾ സുഹൃത്തുക്കൾ എനിക്കു വേണ്ടി അനുഷ്ഠിക്കുന്ന പ്രാർത്ഥനകളും പരിത്യാഗ പ്രവൃത്തികളും ദിവ്യബലികളുമൊക്കെ ഞാൻ ആർക്കു വേണ്ടിയൊക്കെ പ്രാർത്ഥിക്കേണ്ടിയിരുന്നുവോ, അവർക്കായി സ്വീകരിക്കപ്പെടുകയും ആ ആത്മാക്കൾ സ്വർഗ്ഗത്തിലേക്കു കരേറുകയും ചെയ്യുന്നു. അതിനാൽ നിങ്ങളുടെ പ്രാർത്ഥനകൾ എനിക്കു ലഭിച്ചിട്ടില്ല. അതുകൊണ്ട് എന്റെ നിത്യ ശാന്തിക്കുവേണ്ടി ഇനിയും പ്രാർത്ഥിക്കുക"

ഇതിൽ നിന്നും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിയ്ക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടു കാണുമല്ലോ. സത്യത്തിൽ ഇതൊരു കൊടുത്തുവാങ്ങലാണ്; കടം വീട്ടലാണ്. ശുദ്ധീകരണാത്മാക്കൾക്കുള്ള പ്രാർത്ഥനയിൽ പറയുന്നതുപോലെ, "മാതാപിതാക്കൾ, കൂടപ്പിറപ്പുകൾ, ബന്ധുക്കൾ, സ്നേഹിതർ, ഉപകാരികൾ മുതലായവരെ തക്കവിധമായി സ്നേഹിച്ചു അവർക്കു വേണ്ട നന്മകൾ ചെയ്യാൻ കൽപിച്ചിരിക്കുന്നുവല്ലോ"ആയതിനാൽ ഈ പറഞ്ഞവരുൾപ്പെടെ മരിച്ചു ശുദ്ധീകരണ സ്ഥലത്ത് വേദനിക്കുന്നവർക്കൊക്കെ വേണ്ടി പ്രാർത്ഥിയ്ക്കാനും "ആണ്ടറുതിയ്ക്കൊരു കുർബാനയും കുഴിയ്ക്കൊപ്പീസുമായി"ചുരുങ്ങിപ്പോവാതെ നിരന്തരമായ പരിത്യാഗ പ്രവൃത്തികളും പാപ-പരിഹാര കർമ്മങ്ങളും അനുഷ്ഠിയ്ക്കാനും ദൈവ നിയോഗത്തിൻകീഴ് നാം ബാദ്ധ്യസ്ഥരാണ്. അതിൽ വീഴ്ച വരികയോ, വരുത്തുകയോ ചെയ്യുന്നവർക്ക് കൂടിയുള്ള മുന്നറിയിപ്പാണ് ആരംഭത്തിൽ ചേർത്തിരിക്കുന്ന തിരുവചനശകലം.

പത്രോസ് ശ്ലീഹായുടെ ശിഷ്യനായ വി. ക്ലെമന്റ് ഒന്നാം പാപ്പ തന്റെ അപ്പസ്തോലിക കല്പന വഴി നല്കിയ വിശ്വപ്രസിദ്ധമായ ആ പ്രാർത്ഥനാജപം ചേർത്തുകൊണ്ട് ഇതവസാനിപ്പിക്കുന്നു.

"മരിച്ച വിശ്വാസികളുടെ ആത്മാക്കൾ തമ്പുരാന്റെ മനോ
ഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാകട്ടെ"

"നിത്യ പിതാവേ, ഈശോ മിശിഹാ കർത്താവിന്റെ വില തീരാത്ത തിരു

# നിങ്ങൾക്കറിയാമോ?



**ബീന തോമസ് ചേറേങ്ങാടൻ**

**മുങ്ങി മരണം കഴിഞ്ഞ ശവശരീരങ്ങൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതെന്തുകൊണ്ടാണെന്നറിയാമോ നിങ്ങൾക്ക്?**

ചില വസ്തുക്കൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുകയും ചിലത് താഴ്ന്നുപോകുകയും ചെയ്യുന്നത് ആ വസ്തുക്കളുടെ ആപേക്ഷിക ഘനത്വം വ്യത്യാസപ്പെടുന്നതു മൂലമാണ്. അതായത് ഒരു വസ്തു വെള്ളത്തിൽ പൊങ്ങിക്കിടക്കണമോ അതോ താഴ്ന്നു പോകണമോ എന്നൊക്കെ നിശ്ച യിക്കുന്നത് വസ്തുവിന്റെ ആപേക്ഷിക ഘനത്വമാണ്. എന്താണ് ഈ ആപേ ക്ഷിക ഘനത്വം? വസ്തുവിന്റെ ഘനത്വവും ജലത്തിന്റെ ഘനത്വവും തമ്മി ലുള്ള അനുപാതമാണ് ആപേക്ഷിക ഘനത്വം. മനുഷ്യശരീരത്തിന്റെ ആപേ ക്ഷിക ഘനത്വം 0.9 മുതൽ 1.05വരെയാണ്. ശുദ്ധജലത്തിൽ പൊങ്ങിക്കിട ക്കാൻ കഴിയണമെങ്കിൽ ഒരാളുടെ ആപേക്ഷിക ഘനത്വം 0.9875ൽ കുറവാ യിരിക്കണം എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. നാം ശ്വാസോച്ഛ്വാസം നട ത്തുന്നതുകൊണ്ട് ശരീരത്തിന്റെ ആപേക്ഷിക ഘനത്വം വ്യത്യാസപ്പെട്ടുകൊ ണ്ടിരിക്കും. ശ്വാസം ഉള്ളിലേക്ക് വലിക്കുമ്പോൾ ആപേക്ഷിക ഘനത്വം കുറ യുകയും ശ്വാസം പുറത്തേക്കുവിടുമ്പോൾ ആപേക്ഷിക ഘനത്വം കൂടുകയും ചെയ്യുന്നു.

മനുഷ്യശരീരത്തിന്റെ ശരാശരി ആപേക്ഷിക ഘനത്വം ഒന്നിൽ കുറ വായതുകൊണ്ട്, വെള്ളത്തിൽ വീണാൽ നീന്തലറിയില്ലെങ്കിൽപോലും നാം പൊങ്ങു തടിപോലെ പൊങ്ങികിടക്കേണ്ടതാണ്. പക്ഷേ നീന്തലറിയാത്ത വർ വെള്ളത്തിൽ വീണാൽ മുങ്ങി മരിക്കുകയാണ് പതിവ്. ഇതെങ്ങനെ സംഭവിക്കുന്നു? ആകസ്മികമായി വെള്ളത്തിൽ വീഴുന്ന ആൾ ഭയത്താലും സംഭ്രമത്താലും ധാരാളം വെള്ളം കുടിക്കുകയും തന്മൂലം ശരീരത്തിന്റെ ആപേക്ഷിക ഘനത്വം കൂടുകയും വെള്ളത്തിൽ താണ് മരിക്കുകയും ചെയ്യു ന്നു. ഇങ്ങനെ വെള്ളത്തിനടിയിലായിരിക്കുന്ന ശവശരീരത്തിന് ക്രമേണ ജൈവരാസവിഘടനം സംഭവിക്കുന്നതിനാൽ ചില വാതകങ്ങൾ ശരീരകോ ശങ്ങളിൽ നിറയുകയും ജലം പുറംതള്ളുകയും ചെയ്യുന്നു. തൽഫലമായി ശവശരീരം ജലോപരിതലത്തിലേക്ക് പൊന്തി വരികയും ചെയ്യുന്നു.

---

**നൊമ്പരങ്ങളുടെ തടവറ** (തുടർച്ച)

ചോരയെ കുറിച്ച് അവരുടെ മേൽ കരുണയുണ്ടാകണമെ"

**"അദ്ധ്വാനത്തിനനു ഗുണമായ് പ്രതിഫലമീശൻ നൽകുന്നു"**

# ആരോഗ്യ ചിന്തകൾ



ജെസ്റ്റിൻ ജോസ് എം.

ഈ ലക്കത്തിലെ ആരോഗ്യ ചിന്തകളിൽ മാഗ്നറ്റിക് റെസണൻസ് ഇമേജിങ്ങ് അഥവാ എം.ആർ.ഐ. സ്കാനിംഗിനെ പരിചയപ്പെടാം. 1973ൽ കണ്ടുപിടിയ്ക്കപ്പെട്ട ഈ ടെക്നോളജി 1977ൽ ആണ് മനുഷ്യനിൽ ഉപയോഗിക്കാൻ തുടങ്ങിയത്. ആദ്യകാലങ്ങളിൽ ഇത് 'ന്യൂക്ലിയർ മാഗ്നറ്റിക് റെസണൻസ്' എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ഇതിലെ ന്യൂക്ലിയർ എന്ന വാക്ക് റേഡിയേഷനെ സൂചിപ്പിക്കുന്നതിനാൽ മറ്റു സ്കാനിംഗ് പോലെ ഇതിലും അയോണിക വികിരണങ്ങൾ ഉപയോഗിക്കുന്നുണ്ടോ എന്ന് തെറ്റിദ്ധരിച്ചിരുന്നു. ഇത് ഒഴിവാക്കാനാണ് എം.ആർ.ഐ. എന്നു മാത്രം ഉപയോഗിക്കാൻ തുടങ്ങിയത്.

ഇനി ഈ സ്കാനറിന്റെ പ്രവർത്തനം എങ്ങനെയെന്ന് പരിശോധിക്കാം. നമ്മുടെ ശരീരത്തിന്റെ ഭൂരിഭാഗവും ജലനിർമ്മിതമാണ്. ഹൈഡ്രജനും ഓക്സിജനും ചേർന്നാണല്ലോ ജലം ഉണ്ടാകുന്നത്. ഇത്തരത്തിലുള്ള ശരീരത്തെ വളരെ ഉയർന്ന ഒരു കാന്തിക മണ്ഡലത്തിൽ (1-3 Tesla) കൊണ്ടുവന്നാൽ ഈ ഹൈഡ്രജൻ ന്യൂക്ലിയസ്സുകൾ കാന്തികമണ്ഡലത്തിന് അനുസൃതമായി നിരക്കപ്പെടുന്നു. ഈ അവസരത്തിൽ ഒരു റേഡിയോ ഫ്രീക്വൻസി വൈദ്യുതകാന്തികമണ്ഡലം അവിടേക്കു നൽകുന്നു. നേരത്തെ പറഞ്ഞ ഹൈഡ്രജൻ ന്യൂക്ലിയസ്സുകൾ അഥവാ പ്രോട്ടോണുകൾ അതിൽനിന്നും ഊർജ്ജം ഉൾക്കൊള്ളുന്നു. പെട്ടെന്നുതന്നെ ഈ റേഡിയോ ഫ്രീക്വൻസി തരംഗത്തെ പിൻവലിക്കുന്നു. അപ്പോൾ പ്രോട്ടോണുകൾ സ്വീകരിച്ച ഊർജ്ജത്തെ അവ പുറത്തുവിടുന്നു. ഈ തരംഗങ്ങളെ സ്കാനർ തിരഞ്ഞു പിടിക്കുന്നു. മറ്റൊരു കാന്തിക മണ്ഡലം ഉപയോഗിച്ച് ഏതു പ്രോട്ടോണിന്റെ ഊർജ്ജമാണെന്നു കൂടി മനസ്സിലാക്കുന്നു. ഇപ്രകാരം ലഭിച്ച ഊർജ്ജ തരംഗങ്ങളാണ് സ്കാനിംഗ് ചിത്രം ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നത്.

ഓരോ പ്രോട്ടോണുകളും വ്യത്യസ്ത നിരക്കിലാണ് ഊർജ്ജം പുറത്തേക്ക് വിടുന്നത് എന്നതിനാൽ അവയെ മനസ്സിലാക്കുന്നതിനും അതിൽ തന്നെ ട്യൂമറുകളുടേയും മറ്റും വ്യക്തമായ ചിത്രം നൽകുന്നതിനും എം.ആർ.ഐ. യ്ക്കു കഴിയുന്നു. ഒരു തരത്തിലുള്ള അയോണിക വികിരണങ്ങൾ ഉപയോഗിക്കുന്നില്ല എന്നത് ഈ സ്കാനിങ്ങിന്റെ മേന്മയാണ്. ശരീരത്തിന്റെ ഏതു ഭാഗത്തിന്റെയും സ്കാൻ ലഭിക്കാൻ എം.ആർ.ഐ. കൊണ്ടു സാധിക്കും. എന്നാൽ ലോഹങ്ങളോ ലോഹഭാഗങ്ങളോ (പേസ് മേക്കർ, ചെവി കേൾക്കാനുള്ള ഉപകരണം) ശരീരത്തിനകത്തു സ്ഥാപിച്ചിട്ടുള്ളവർക്ക്

(തുടർച്ച പേജ് 31ൽ)

# ക്വിസ് മത്സരം

(1) മാറോനൈറ്റ് സഭയുടെ പാത്രിയർക്കീസ് ആരാണ്?

(2) വിശുദ്ധഗ്രന്ഥത്തിന്റെ .................... ജപമാലരഹസ്യങ്ങൾ.

(3) മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാന്റെ പേര്?

(4) ഗോവസ്വദേശിയായ ഒരു വൈദികൻ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുകയാണ്. ആരാണ് ആ വൈദികൻ?

(5) ഫിലാഡെൽഫിയ ആർച്ച് ബിഷപ്പിന്റെ പേര്?

(6) മികച്ച പരിസ്ഥിതി സംരക്ഷണത്തിനുള്ള 2010 ലെ ''ആർട്ട്ബിറ്റ്സ്' അവാർഡ് കരസ്ഥമാക്കിയ സംഘടന?

(7) 'മനുഷ്യന്റെ ദാനധർമ്മത്തെ മുദ്രമോതിരത്തെ എന്നപോലെ കർത്താവ് വിലമതിക്കുന്നു. അവന്റെ കാരുണ്യത്തെ കണ്ണിലെ കൃഷ്ണമണിപോലെ അവിടുന്ന് കരുതുന്നു'. പുസ്തകം ? അദ്ധ്യായം? വാക്യം?

(8) ഒരു വിശുദ്ധന്റെ ഭൗതികാവശിഷ്ടം അടക്കം ചെയ്തത് നരകക്കുന്ന് എന്ന് അറിയപ്പെട്ടിരുന്ന ഒരു സ്ഥലത്തായിരുന്നു. ആരാണ് ആ വിശുദ്ധൻ?

(9) ''സഹോദരസ്നേഹത്തെ സംബന്ധിച്ച് നിങ്ങൾക്ക് എഴുതേണ്ടതില്ല''. ആർക്ക്, എന്തുകൊണ്ട്?

(10) ലോകമാസകലമുള്ള ക്രൈസ്തവരുടെ സംഖ്യ എത്ര കോടിയാണ്?

(11) ചിക്കാഗോ രൂപതയുടെ മെത്രാൻ ആരാണ്?

(12) മുസഫർ അലിക്ക് ലഭിച്ച പുരസ്ക്കാരം ?

(13) ആഭ്യന്തരഹർമ്യം എന്ന ആദ്ധ്യാത്മികഗ്രന്ഥം എഴുതിയത് ആരാണ്?

(14) ചിക്കാഗോയിലെ പോലീസ് സൈന്യം 1932 ൽ തങ്ങളുടെ മദ്ധ്യസ്ഥനായി തിരഞ്ഞെടുത്തത് ഏതു വിശുദ്ധനെയാണ്?

(15) ജപമാലയെ ''ചരടിൽ കൊരുത്തിട്ട വി. ബൈബിൾ'' എന്ന് വിശേഷിപ്പിച്ചത് ആര്?

(16) സിസ്റ്റർ റാണിമരിയ ദൈവദാസിയായി പ്രഖ്യാപിക്കപ്പെട്ടത് എന്നാണ്?

---

അവലംബം : ഒക്ടോബർ ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോശ്ലീഹാ തെസലോനിക്കക്കാർക്കെഴുതിയ 1-ാം ലേഖനം : ഉത്തരങ്ങൾ, ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-11-2014.

---

**ഒക്ടോബർ ലക്കം ക്വിസ് മത്സര വിജയി : ഡിൻസി ജോൺസൺ തൊമ്മാന സെന്റ് മേരീസ് II.** മത്സരത്തിൽ പങ്കെടുത്ത 13 പേരിൽ 8 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത് ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

---

**ആരോഗ്യചിന്തകൾ** (തുടർച്ച)

ഈ സ്കാനിംഗ് രീതി ഉപയുക്തമല്ല. വളരെ ഉയർന്ന കാന്തിക മണ്ഡലം ഈ ഉപകരണങ്ങളെ നാശം വരുത്താനുള്ള സാധ്യതയുണ്ട്. അതുപോലെ തന്നെ ഇതു കൈകാര്യം ചെയ്യുന്ന ടെക്നീഷ്യന്മാരും വളരെ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

## കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി

**ഡിൻസി ജോൺസൺ**
തൊമ്മാന വീട്,
സെന്റ് മേരീസ് II



**അഭിനന്ദനങ്ങൾ**


## കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) A.D. 326, വി. ഹെലേന രാജ്ഞിയുടെ നേതൃത്വത്തിൽ (2) മൊസൂൾ, നിനവേ (3) എപ്പഫ്രാസ് വി. പൗലോസിനോട് കൊളോസോസുകാരെ കുറിച്ച് (4) മാർ ബർണദിനോസ് (5) ബർത്തലോമിയ 1-ാമൻ (6) എബ്രഹാം ലിങ്കൺ (7) 1924 (8) കുഞ്ചൻ നമ്പ്യാർ (9) എബ്രഹാം ലിങ്കൺ (10) അപ്പത്തിന്റെ ഭവനം (11) 1965 (12) വാ. മദർ തെരേസ (13) വി. ജെറോം (14) വി. ജോൺ 23-ാമൻ (15) ജൂലിയൻ മെൽഖി (16) ജോൺ പോൾ 2-ാമൻ (17) ഡോ. ജസ്റ്റിൻ പോൾ

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**L.P. വിഭാഗം**
**ക്രിസ്റ്റിൻ കെ. ജിജിമോൻ**
കുവ്വാപറമ്പിൽ വീട്,
സെന്റ് ജോസഫ് യൂണിറ്റ്
ക്ലാസ് II





**U.P. വിഭാഗം**
**അലൻ എം. വി.**
മുട്ടത്ത് വീട്,
സെന്റ് ജോൺ I
ക്ലാസ് VII A

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | പള്ളിത്തറ | ഷാന്റോ+ഷെൽമ | മേരി (ഗ്രേഡമേരി) | 16-05-2014 | 31-08-14 |
| മാപ്രാണം | കോനേങ്ങാടൻ | ജോൺസൺ+സുബി | നോയൽ (റാഫേൽ) | 08-07-2014 | 07-09-14 |
| പോട്ട | കോക്കാടൻ | സിന്റോ+ഫെമി | ഇസബെൽ (കൊച്ചുത്രേസ്യ) | 21-06-2014 | 20-09-14 |
| പല്ലിശ്ശേരി | വട്ടക്കുഴി | ജോവൽ+ജിഫി | ജുവൽന (കൊച്ചുത്രേസ്യ) | 31-07-2014 | 20-09-14 |
| മാപ്രാണം | ചുണ്ടേപറമ്പിൽ | സ്റ്റാൻലി+അല്ലി | അലക്സ് (കുരിയാക്കോസ്) | 03-08-2006 | 05-10-14 |
| മാപ്രാണം | ചുണ്ടേപറമ്പിൽ | സ്റ്റാൻലി+അല്ലി | ആൽവിൻ (അന്തോണി) | 01-01-2012 | 05-10-14 |
| മാപ്രാണം | കിരിയാന്തൻ | ഷാജി+ജിജി | ജോൺ അക്വിനാസ് | 28-01-2014 | 12-10-14 |

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ....................................................................................................

വീട്ടുപേര് ..............................................................................................

മതബോധന ക്ലാസ്സ് ..............................യൂണിറ്റ്.........................................

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **നവംബർ 15**

# പിന്നിട്ട ലോകം



ജെസ്റ്റോ മാമ്പിള്ളി

- ജീവകോശങ്ങൾക്കുള്ളിലെ സൂക്ഷ്മ കണികകളിൽ നടക്കുന്ന പ്രവർത്തനങ്ങൾവരെ കാണാൻ സാധിക്കുന്ന അതി നൂതന മൈക്രോസ്കോപിക് സാങ്കേതിക വിദ്യ വികസിപ്പിച്ച അമേരിക്കൻ ശാസ്ത്രജ്ഞരായ എറിക് ബെറ്റ്സിഗ്, വില്യം മേർണർ, സ്റ്റെഫാൻ ഹെൽ എന്നിവർക്കു രസതന്ത്ര നൊബേൽ പുരസ്കാരം.
- ചൊവ്വാദൗത്യം ആദ്യ ഉദ്യമത്തിൽ തന്നെ വിജയിപ്പിച്ച പ്രഥമ രാജ്യമെന്ന സ്ഥാനം ഇന്ത്യയ്ക്ക്; ചൊവ്വയിലെത്തുന്ന നാലാമത്തെയും ഏഷ്യയിലെ ആദ്യത്തെയും രാജ്യമാണ് ഇന്ത്യ.
- ഏഷ്യൻ ഗെയിംസിൽ ഭാരദ്വഹന മത്സരത്തിൽ ചൈനയുടെ സുലുലുവിന് ലോക റെക്കോർഡ്. ഉയർത്തിയത് 192 കി.ലോഗ്രാം. 65 കി.ഗ്രാം. ഫ്രീസ്റ്റൈൽ ഗുസ്തിയിൽ യോഗേശ്വർ ദത്തിന് സ്വർണ്ണം. ഹോക്കിയിലും ഇന്ത്യ സ്വർണ്ണം നേടി.
- നീളത്തിൽ റെക്കോർഡിടാൻ വിവാഹവസ്ത്രം. വിവാഹ ഗൗണിന് നീളം 4100 മീറ്റർ, മെയ്ഡ് ഇൻ ചൈന.
- എച്ച്.എൽ. ദത്തു ഇന്ത്യയുടെ പുതിയ ചീഫ് ജസ്റ്റീസ്.
- അഷറഫ് ഗനി അഫ്ഗാനിസ്ഥാന്റെ പുതിയ പ്രസിഡന്റ്.
- പറപ്പൂക്കര സ്വദേശി മാർ ജോയ് ആലപ്പാട്ട് ഷിക്കാഗോയിലെ മാർ തോമാശ്ലീഹാ സീറോ മലബാർ രൂപതയുടെ സഹായ മെത്രാൻ.
- കുള്ളൻ ഗ്രഹമായ സിറസിൽ ജലസാന്നിധ്യം.
- ഇന്ത്യയെ ആഗോള വ്യവസായികോത്പാദന കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിക്കു പ്രധാനമന്ത്രി നരേന്ദ്ര മോദി നാന്ദി കുറിച്ചു.
- ഇഞ്ചോൺ ഏഷ്യൻ ഗെയിംസിൽ 50 മീറ്റർ എയർ പിസ്റ്റളിൽ ഇന്ത്യക്കു വേണ്ടി ആദ്യം സ്വർണ്ണം നേടിയത് ജിത്തുറായ്.
- 42 പന്തിൽ 118 റൺസ്. സ്മാഷ് മാസ്റ്റർ ബ്ലാസ്റ്റർ ക്രിക്കറ്റ് ചാംപ്യൻഷിപ്പിൽ സച്ചിന്റെ മകൻ അർജുൻ തെൻഡുൽക്കർ മികവ് തെളിയിച്ചു.
- ഭൗതിക ശാസ്ത്ര നൊബേൽ എൽ.ഇ.ഡി. വിപ്ലവത്തിന്. ജാപ്പനീസ് ഗവേഷകരായ ഇസാമു അകാസാക്കി, ഹിരോഷി അമാനോ, യു.എസ് പൗരനായ ഷൂജി നകാമുറ എന്നിവരാണ് പുരസ്കാര ജേതാക്കൾ.
- സമാധാനത്തിനുള്ള നൊബേൽ ഇന്ത്യക്കാരനായ കൈലാഷ് സത്യാർഥിക്കും പാക്കിസ്ഥാൻ ബാലിക മലാല യൂസഫ് സായിക്കും ലഭിച്ചു.
- ഫ്രാൻസിലെ പാട്രിക് മൊദിയാനോക്ക് സാഹിത്യ നൊബേൽ. ഫ്രഞ്ച് ശാസ്ത്രജ്ഞൻ ഴാങ് ടിറോളിന് സാമ്പത്തിക ശാസ്ത്ര നൊബേൽ.

# ബൈബിൾ കലണ്ടർ : നവംബർ - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **30**<br>ലൂക്കാ 1:5 – 25<br>എഫേ 5:21 – 6:4<br>ഉത്പ 17:15 – 22 | | | | | | **1**<br>മത്താ 5:1 – 12<br>1 യോഹ 3:1 – 3 |
| **2**<br>മത്താ 16:13 – 19<br>1 കോറി 13:1 – 13<br>ഏശയ്യ 6:1 – 8 | **3**<br>യോഹ 11:17 – 27<br>1 കോറി 15:51 – 58 | **4**<br>ലൂക്കാ 21:1 – 4<br>ഹെബ്രാ 6:1 – 6 | **5**<br>ലൂക്കാ 1:5 – 25<br>കൊളോ 1:21 – 23 | **6**<br>മത്താ 9:35 – 38<br>വെളി 3:8 – 13 | **7**<br>ലൂക്കാ 19:1 – 10<br>1 പത്രോ 1:13 – 20 | **8**<br>ലൂക്കാ 5:1 – 11<br>ശ്ലീഹ 10:9 – 16 |
| **9**<br>മത്താ 12:1 – 13<br>ഹെബ്രാ 8:1 – 6<br>1 രാജാ 8:22 – 29 | **10**<br>മത്താ 19:16 – 22<br>2 കോറി 4:11 – 15 | **11**<br>യോഹ 6:47 – 53<br>1 കോറി 4:1 – 5 | **12**<br>മർക്കോ 10:28 – 30<br>2 കോറി 11:7 – 15 | **13**<br>ലൂക്കാ 10:8 – 16<br>2 കോറി 11:16 – 21 | **14**<br>യോഹ 14:1 – 7<br>ഗലാ 4:12 – 20 | **15**<br>ലൂക്കാ 22:24 – 30<br>3 യോഹ 5 – 12 |
| **16**<br>യോഹ 2:13 – 22<br>ഹെബ്രാ 9:5 – 15<br>സംഖ്യ 9:15 – 18 | **17**<br>ലൂക്കാ 11:1 – 4<br>ഹെബ്രാ 13:9 – 16 | **18**<br>ലൂക്കാ 8:1 – 3<br>യൂദാ 17 – 25 | **19**<br>മത്താ 16:21 – 28<br>കൊളോ 3:22 – 25 | **20**<br>മത്താ 22:1 – 14<br>വെളി 19:5 – 10 | **21**<br>യോഹ 18:28 – 37<br>വെളി 19:11 – 16 | **22**<br>ലൂക്കാ 9:10 – 17<br>വെളി 21:9 – 14 |
| **23**<br>മത്താ 22:41 – 46<br>ഹെബ്രാ 9:16 – 28<br>ഏശ 43:1 – 7 | **24**<br>മത്താ 6:19 – 21<br>വെളി 4:1 – 11 | **25**<br>മർക്കോ 5:25 – 34<br>1 തെസ 4:1 – 8 | **26**<br>മർക്കോ 12:18 – 27<br>ഹെബ്രാ 1:1 – 4 | **27**<br>യോഹ 17:12 – 19<br>1 പത്രോ 1:3 – 7 | **28**<br>ലൂക്കാ 19:45 – 48<br>വെളി 14:1 – 7 | **29**<br>യോഹ 12:37 – 43<br>1 പത്രോ 4:1 – 10 |